# ജമാഅത്ത്
# തിരഞ്ഞെടുപ്പ് നിയമാവലിയും

-------------------

# ഇമാറത്ത് തിരഞ്ഞെടുപ്പ്
# സമിതി ചട്ടങ്ങളും

-------------------

# ഭാരവാഹികളുടെ
# ഉത്തരവാദിത്വങ്ങളും

പ്രസാധനം :
നസാറത്ത് ഉൽയാ
സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ

*Jama'at thiranjeduppu niyamavaliyum Imarat thiranjeduppu samithi chattangalum bharavahikalude utharavadithwangalum (Malayalam)*

*(Orginl)* ***Qawaid Jamaati intikhabat aur Qawaid darbara Majalis Umara aur Uhdedarane Jamaat Ahmadiyya ki zimmadariyan*** *(Urdu)*

*Malayalam Translation :*
**H.Shamsuddin Kavassrey**

*Copies : 500 / January 2016*

*Printed at :*
**Fazl e Umar Printing Press Qadian**

*Published by :*
**Nazarat Ulya, Sadr Anjuman Ahmadiyya Qadian**
**Pin 143516, Gurdaspur-Dt, Punjab-St, India**

# ജമാഅത്ത്
# തിരഞ്ഞെടുപ്പ് നിയമാവലിയും

---

# ഇമാറത്ത് തിരഞ്ഞെടുപ്പ്
# സമിതി ചട്ടങ്ങളും

---

# ഭാരവാഹികളുടെ
# ഉത്തരവാദിത്വങ്ങളും

**2016**

പ്രസാധനം :

നസാറത്ത് ഉൽയാ

സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ

# ആമുഖം

നിലവിലുള്ള ജമാഅത്തീ ഭാരവാഹികളുടെ കാലാവധി 2016 മാർച്ച് 31 ന് അവസാനിക്കുകയാണ്. ആയതിനാൽ ഏപ്രിൽ 1ന് പുതിയ ഭാരവാഹികൾക്ക് അംഗീകാരം നൽകാൻ കഴിയുന്നതിന്നു അതനുസരിച്ച് ഭാരവാഹികളുടെ ചാർജ് കൈമാറ്റം പൂർത്തിയാകുന്നതിന്നും വേണ്ടി മാർച്ച് 31ന് മുമ്പേ ചന്ദകളുടെ കണക്കുകൾ ക്ലിയർ ചെയ്ത് പുതിയ തിരഞ്ഞെടുപ്പ് നടത്തി അയക്കുക. പുതിയ ഭാരവാഹികളുടെ കാലാവധി 2016 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയായിരിക്കും.

# തദ്ദേശ അഞ്ചുമനുകളെ (ജമാഅത്തുകളെ)ക്കുറിച്ചുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളും

ഓർക്കുക, മൂന്നോ അതിലധികമോ ചന്ദദായകരായ അഹ്മദികൾ ഉള്ള സ്ഥലങ്ങളിൽ കൃത്യമായ ജമാഅത്തീ സംവിധാനം സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

അംഗസംഖ്യ പത്തിൽ കുറവാണെങ്കിൽ പോലും സദ്ർ, മാൽ സെക്രട്ടറി എന്നിവർ നിശ്ചയിക്കപ്പെടേണ്ടതാണ്. ജമാഅത്തിലെ അംഗസംഖ്യ അനുസരിച്ച് മറ്റ് ഭാരവാഹികൾ നിശ്ചയിക്കപ്പെടേണ്ടതാണ്.

ഭാരവാഹികൾ തിരഞ്ഞെടുപ്പ് മുഖേന നിശ്ചയിക്കപ്പെടുന്നതായിരിക്കും. എന്നാൽ അംഗസംഖ്യ കുറവുള്ള സ്ഥലങ്ങളിൽ സദ്ർ, മാൽ സെക്രട്ടറി എന്നിവരെ നോമിനേറ്റ് ചെയ്യാൻ ശിപാർശ നൽകാവുന്നതാണ്.

# ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച ചട്ടങ്ങൾ

290. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ വ്യവസ്ഥക്ക് വിധേയരായി ഏതാനും അഹ്മദികൾ കാണപ്പെടുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഒരു തദ്ദേശ അഞ്ചുമൻ സ്ഥാപിക്കുന്നതാണ്. പ്രാദേശിക ജമാഅത്തിലെ പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും അതിലെ അംഗങ്ങളായിരിക്കും.

291. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെടുന്ന ഈ തദ്ദേശ അഞ്ചുമനുകൾ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ നാസിർമാരുടേയും, വകുപ്പ് അധ്യക്ഷന്മാരുടേയും മേൽനോട്ടത്തിനും മാർഗദർശനങ്ങൾക്കും വിധേയമായിരിക്കും. അത്തരം അഞ്ചുമനുകൾക്ക് അവ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ശാഖയാ

ണെന്നുള്ളതിന് സദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ നിന്നുള്ള സാക്ഷ്യത്തോടു കൂടിയ സനദ് നല്കപ്പെടുന്നതുമാണ്.

292. എല്ലാ തദ്ദേശ അഞ്ചുമനും, തദ്ദേശ ജമാഅത്തിലെ എല്ലാ അംഗങ്ങളേയും(പുരുഷന്മാർ/സ്ത്രീകൾ/പ്രായപൂർത്തിയാകാത്തവർ) നിശ്ചിത ഫോറത്തിൽ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. (നസാറത്ത് ഉൽയാ അയച്ചുതന്നിട്ടുള്ള തജ്നീദ് ഫോറം പൂരിപ്പിച്ച് തദ്ദേശ ജമാഅത്തിൽ വെക്കുക. അതിന്റെ ഒരു കോപ്പി നസാറത്ത് ഉൽയയിലേക്ക് അയക്കേണ്ടതാണ്.)

293. ജമാഅത്ത് സംവിധാനവുമായോ ഇമാറത്തിന്റെ കടമകളുമായോ ബന്ധപ്പെട്ട കാര്യങ്ങളിൽ തദ്ദേശ ജമാഅത്തിലെ അംഗങ്ങൾ തദ്ദേശ അമീർ/പ്രസിഡന്റിനെ അനുസരിക്കേണ്ടത് അനിവാര്യമായിരിക്കും.

296. ഒന്നിലധികം തദ്ദേശ അഞ്ചുമനുകൾ ചേർത്ത് ഹൽഖ (ഏരിയ)/ജില്ലാ/ഇലാഖ(ഒരു പ്രത്യേക തദ്ദേശ പരിധി)/സംസ്ഥാന/രാജ്യ തലത്തിൽ അഞ്ചുമനുകൾ സ്ഥാപിക്കാവുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ എല്ലാ ഓരോ തദ്ദേശ സംവിധാനവും തൊട്ട് മേലെയുള്ള സംവിധാനത്തിന് വിധേയമായിരിക്കും. ഈ എല്ലാ സംവിധാനങ്ങളും കേന്ദ്രസംവിധാനത്തിനും കീഴിലായിരിക്കും.

299. ഓരോ തദ്ദേശ അഞ്ചുമനും തങ്ങളുടെ വിവിധ പ്രവർത്തക വകുപ്പുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ട് ബന്ധപ്പെട്ട കേന്ദ്ര വകുപ്പുകൾക്ക് അയച്ചു കൊടുക്കേണ്ടതാകുന്നു. അതിന് പുറമേ നടപ്പു വർഷത്തിനിടയിലും കേന്ദ്രം ആവശ്യപ്പെടുന്ന പക്ഷം റിപ്പോർട്ട് അയച്ചു കൊടുത്തുകൊണ്ടിരിക്കേണ്ടതാകുന്നു. നസാറത്ത് ഉൽയ തന്നിട്ടുള്ള മാസാന്തര പ്രവർത്തന റിപ്പോർട്ട് ഫോറം പൂരിപ്പിച്ച് കൃത്യമായി അയച്ചു തരേണ്ടതാണ്.

300. ഓരോ തദ്ദേശ അഞ്ചുമനും തങ്ങളുടെ പ്രദേശങ്ങളിൽ ഒരു പള്ളിക്കും ലൈബ്രറിക്കുമുള്ള ഏർപാട് ചെയ്യുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. പള്ളി ഇല്ലാത്ത സാഹചര്യത്തിൽ ജമാഅത്തി

ലള്ള ആളുകൾക്ക് ജുമുഅക്കും മറ്റ് യോഗങ്ങൾക്കും വേണ്ടി ഒരുമിച്ച് ചേരുവാൻ സാധ്യമാകുന്ന ഒരു സ്ഥലം സൗകര്യപ്പെടു ത്തേണ്ടത് പ്രാദേശിക ജമാഅത്തിന്റെ നിർബന്ധ ചുമതലയാ കുന്നു.

303. കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും നാസിർ പര്യടനത്തി നോ മറ്റോ ഏതെങ്കിലും സ്ഥലത്ത് എത്തിയാൽ അതാതു കാല ത്തെ ഖലീഫയുടെ പ്രതിനിധി എന്ന നിലയിൽ ഉചിതമായ ആദ രവോടുകൂടി അദ്ദേഹത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടത് ഓരോ തദ്ദേശജമാഅത്തിന്റേയും നിർബന്ധചുമതലയാകുന്നു.

## തിരഞ്ഞെടുപ്പ്

304. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ വിവിധ വകുപ്പുക ളുടെ ഉദ്ദ്യേശ്യാവശ്യങ്ങൾക്ക് വിധേയമായി പ്രാദേശിക തലത്തി ൽ വ്യത്യസ്ഥ ഭാരവാഹികൾ നിയോഗിക്കപ്പേടേണ്ടത് എല്ലാ തദ്ദേശ ജമാഅത്തുകൾക്കും നിർബന്ധമാകുന്നു. ഈ ഭാരവാ ഹികൾ കേന്ദ്രത്തിലെ വകുപ്പ് മേലധികാരികളുടെ നിർദ്ദേശങ്ങള നുസരിച്ച് അമീർ/സദ്ർ നുകീഴിൽ അവരവരുടെ പ്രവർത്തന വകുപ്പുകളെ സംബന്ധിച്ച കാര്യങ്ങൾ നിർവഹിക്കുന്നതും അത്യാവശ്യമായ എല്ലാ റിക്കാർഡുകളും സൂക്ഷിക്കുന്നതുമാണ്. ഈ ഭാരവാഹികൾ എല്ലാവരും തദ്ദേശ അഞ്ചുമനുകളുടെ ജന റൽ ബോഡി യോഗങ്ങളിൽ വെച്ച് തെരഞ്ഞെടുക്കപ്പെടേണ്ട താണ്. ജോലിയുടെ തരമനുസരിച്ച് ഒരാൾക്കു തന്നെ ഒന്നില ധികം ഭാരവാഹിത്വം നൽകാവുന്നതുമാണ്.

306. തദ്ദേശ അഞ്ചുമന്റെ പ്രവർത്തന സൗകര്യത്തിനുവേണ്ടി അതിന്റെ കീഴിൽ സംവിധായക സമിതി (ഇൻതിസാമി മജ്ലിസ്) രൂപീകരിക്കുന്നതാണ്. തദ്ദേശ അഞ്ചുമനിലെ ഭാരവാഹികളായി രിക്കും അതിലെ അംഗങ്ങൾ. ഈ മജ്ലിസിന്റെ പേര് മജ്ലിസ് ആമില(പ്രവർത്തക സമിതി) എന്നായിരിക്കും. അതിന്റെ അദ്ധ്യക്ഷൻ അമീർ/സദ്ർ ആയിരിക്കും.

307. തദ്ദേശ അഞ്ചുമന്റെ മജ്ലിസെ ആമിലക്ക് താഴെപ്പറയുന്ന അംഗങ്ങളുണ്ടായിരിക്കും

അമീർ/സദ്ർ,

നാഇബ് അമീർ/നാഇബ് സദ്ർ,

ജനറൽ സെക്രട്ടറി,

സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്,

അഡീഷണൽ സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്
(നവ അഹ്മ ദികളുടെ ശിക്ഷണകാര്യങ്ങൾക്ക് വേണ്ടി),

സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി,

സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ്,

സെക്രട്ടറി തഅ്ലീം,

സെക്രട്ടറി ഉമൂറെ ആമ,

സെക്രട്ടറി ഉമൂറെ ഖാരിജ,

സെക്രട്ടറി വസ്വായാ,

സെക്രട്ടറി മാൽ,

നാഇബ് സെക്രട്ടറി മാൽ,

സെക്രട്ടറി തസ്നീഫ് വ ഇശാഅത്ത്,

അഡീഷണൽ സെക്രട്ടറി തസ്നീഫ് വ ഇശാഅത്ത്
(ഓഡിയോ വീഡിയോ )

സെക്രട്ടറി സറാഅത്ത്(കൃഷികാര്യങ്ങൾ),

സെക്രട്ടറി സൻഅത്ത് വ തിജാറത്ത്,

സെക്രട്ടറി സിയാഫത്ത്,

സെക്രട്ടറി ജാഇദാദ് വ അംലാക്,

ഇമാമുസ്സ്വലാത്ത്,

ഖാളി,

ആഡിറ്റർ,

അമീൻ,

മുഹാസിബ്,

സെക്രട്ടറി തഹ്‌രീകെ ജദീദ്,

സെക്രട്ടറി വഖ്ഫെ ജദീദ്,

അഡീഷണൽ സെക്രട്ടറി വഖ്ഫെ ജദീദ്
(നവ അഹ്മദികൾക്ക് വേണ്ടി)

സെക്രട്ടറി വഖ്ഫെ നൗ,

സഈം /സഈം അഅ്‌ലാ അൻസാറുല്ലാഹ്,

ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ,

മുറബ്ബി(മുബല്ലിഗ്) സിൽസില

*നോട്ട്: 1. ഏതെങ്കിലും തദ്ദേശ അഞ്ചുമനിൽ പോഷക സംഘടനകളുടെ സഈംമാർ/സുഅമാ അഅ്‌ലാ മജ്‌ലിസ് അൻസാറുല്ലാഹ്, ഖാഇദുമാർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എന്നിവർ ഒന്നിലധികം ഉണ്ടെങ്കിൽ ബന്ധപ്പെട്ട പോഷക സംഘടനയുടെ സദ്ർ, തദ്ദേശ മജ്‌ലിസ് ആമിലയിലേക്ക് ഒരാളെ നിർദ്ദേശിക്കുന്നതാണ്.*

*നോട്ട്: 2. തദ്ദേശ അഞ്ചുമനിൽ ഒന്നിലധികം മുറബ്ബിമാരുണ്ടെങ്കിൽ നാസിർ അഅ്‌ലാ, തദ്ദേശ മജ്‌ലിസ് ആമിലയിലേക്ക് ഒരാളെ നിർദ്ദേശിക്കുന്നതാണ്.*

*നോട്ട്: 3. അമീർ/സദ്ർന് ആരെ വേണമെങ്കിലും കൂടിയാലോചനക്കു വേണ്ടി മജ്‌ലിസ് ആമില യോഗത്തിലേക്ക് വിളിക്കാൻ അധികാരമുണ്ടായിരിക്കും.*

*നോട്ട്: 4. സെക്രട്ടറി വസ്വായ, മൂസിയായിരിക്കേണ്ടത് അനിവാര്യമാണ്.*

308. അമീർമാരുടേയും മറ്റ് ഭാരവാഹികളുടേയും തിരഞ്ഞെടുപ്പ് മൂന്ന് വർഷത്തേക്കുള്ളതായിരിക്കും. എങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ കേന്ദ്ര അനുമതി പ്രകാരം അതിനിടക്കും മാറ്റമോ ഭേദഗതിയോ വരുത്തുവുന്നതായിരിക്കും. അത്തരം തിര

ഞ്ഞെടുപ്പ് അല്ലെങ്കിൽ നിയമനം ബാക്കി ശിഷ്ടകാലത്തേക്കു ള്ളതായിരിക്കും.

309. ജമാഅത്തിന്റെ പൊതുനന്മയെ പരിഗണിച്ചുകൊണ്ട് നിശ്ചിത കാലാവധിക്കിടയിലും പ്രാദേശികഅമീറിനേയോ മേഖലാ അമീറിനേയോ ജില്ലാ അമീറിനേയോ പ്രത്യേകദേശ പരിധിക്കുള്ള അമീറിനേയോ സംസ്ഥാനഅമീറിനേയോ ദേശീയ അമീറിനേയോ കാരണങ്ങളൊന്നും കാണിക്കാതെ തന്നെ തൽ സ്ഥാനത്തുനിന്ന് മാറ്റാവുന്നതാണ്. എങ്കിലും അതിനുള്ള അംഗീകാരം ഖലീഫത്തുൽ മസീഹിൽ നിന്ന് വാങ്ങേണ്ടത് നിർബന്ധമായിരിക്കും. എന്നാൽ പ്രാദേശിക ജമാഅത്തിനോ അംഗങ്ങൾക്കോ തങ്ങളുടെ അഭിപ്രായ പ്രകടനങ്ങളിലോ മറ്റോ ഈ മാറ്റിയത് സംബന്ധമായ പ്രശ്നം ഉന്നയിക്കുവാനുള്ള അനുവാദം ഉണ്ടായിരിക്കുന്നതല്ല.

310. സദ്ർ അഞ്ചുമൻ അഹ്മദിയ്യായിലെ നാസിർ, നാഇബ് നാസിർ, വകുപ്പ് മേലാധികാരികൾ, തഹ്രീക് ജദീദ് വക്കീൽ, നാഇബ് വക്കീൽ, വകുപ്പ് മേലാധികാരികൾ, വഖ്ഫെ ജദീദ് നാസിം, നാഇബ് നാസിം, എന്നിവർ പ്രാദേശികമായ ഒരൗദ്യോഗിക സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല. ഖാദിയും പ്രാദേശികമായ ഒരൗദ്യോഗിക സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.

311. a. തദ്ദേശ സദ്റിന്റെ തിരഞ്ഞെടുപ്പ് തദ്ദേശ ജമാഅത്തിലെ ഭൂരിപക്ഷാഭിപ്രായമായിരിക്കും.

b. ക്വാറം മൊത്തം ചന്ദദായകരുടെ പകുതിയായിരിക്കും. നേരത്തെ കൃത്യമായി അറിയിപ്പ് നൽകിയിട്ടും ക്വാറം തികഞ്ഞില്ലെങ്കിൽ അടുത്ത യോഗത്തിന്റെ ക്വാറം മൂന്നിൽ ഒന്നായിരിക്കും.

313. ക്വാറം നിജപ്പെടുത്തുന്നത്, ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മൊത്തം അംഗങ്ങളിൽ നിന്ന് സ്ത്രീകളേയും വിദ്യാർഥികളേയും ഒഴിവാക്കി കുടിശ്ശികയുള്ളവർ ഉൾപ്പെടെയുള്ള ബാക്കി ചന്ദദായകരുടെ മൊത്തം എണ്ണത്തിൽ നിന്നായിരിക്കും.

314. അമീർമാരുടെ തിരഞ്ഞെടുപ്പ് സമയത്ത് നിയമാനുസൃതമായി പങ്കെടുക്കാവുന്ന ഓരോ അംഗത്തിനും, അമീറിന്റെ തിരഞ്ഞെടുപ്പ് ഇന്ന തിയ്യതി, ഇന്ന സമയത്ത് ഇന്ന സ്ഥലത്ത് വെച്ച് നടത്തുവാൻ തീരുമാനിക്കപ്പെട്ടിരിക്കുന്നുവെന്ന് 15 ദിവസം മുമ്പേ കൃത്യമായി രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്. പ്രസ്തുത അറിയിപ്പിൽ ഓരോ അംഗത്തിന്റേയും അറിയിപ്പ് ലഭിച്ചുവെന്നതിനുള്ള കയ്യൊപ്പ് വാങ്ങേണ്ടതുമാണ്. ന്യായമായ കാരണങ്ങൾ കൂടാതെയും സമയത്തിനു മുമ്പേ അറിയിപ്പ് നൽകാതെയും തിരഞ്ഞെടുപ്പ് യോഗത്തിൽ ഏതെങ്കിലും അംഗം പങ്കെടുക്കുന്നില്ലെങ്കിൽ അത് ശിക്ഷാർഹമായ കൃത്യവിലോപമായി ഗണിക്കപ്പെടുന്നതാണ്. അതിനാൽ രേഖാമൂലമുള്ള അറിയിപ്പിന് ശേഷവും ന്യായമായ കാരണം കൂടാതെ ഏതെങ്കിലും ഒരംഗം ഹാജരാവാതിരിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് നസാറത്ത് ഉൽയയിലേക്ക് റിപ്പോർട്ട് അയക്കേണ്ടതാണ്.

317. ഓരോ ഔദ്യോഗിക സ്ഥാനത്തിന്റെയും പ്രാധാന്യത്തേയും കർത്തവ്യങ്ങളേയും പരിഗണിച്ചുകൊണ്ടായിരിക്കണം ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. സഹോദരന്മാർ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുമ്പോൾ യോഗ്യതയുടെ കാര്യത്തിൽ എല്ലാ തലങ്ങളിലും മുൻഗണന നൽകേണ്ടതാണ്. കേവലം പേരിനെന്നൊണം സമയമില്ലാത്തവനോ അലസനോ, ആത്മാർഥരഹിതനോ, അയോഗ്യനോ, ഏതെങ്കിലും തരത്തിലുള്ള പ്രകടമായ ദുഃസ്വഭാവക്കാരനോ ആയ വ്യക്തിയെ തിരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു.

318. കൃത്യതാ ബാഹുല്യം കൊണ്ട് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ തടസ്സവും കുറവും സംഭവിക്കാതിരിക്കാനും കൂടുതൽ സഹോദരങ്ങൾക്ക് പ്രവർത്തന പരിശീലനം സിദ്ധിക്കുന്നതിനും പ്രത്യേക നിർബന്ധിത സാഹചര്യങ്ങളിലല്ലാതെ ഒരാൾക്ക് തന്നെ ഒന്നിലധികം വകുപ്പ് ചുമതലകൾ ഭരമേൽപ്പിക്കാതിരിക്കാൻ തിരഞ്ഞെടുപ്പ് വേളകളിൽ ശ്രദ്ധിക്കേണ്ടതാണ്.

319. താഴെ ചേർക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് മാത്രം അംഗീകാരത്തിന്നായി നസാറത്ത് ഉൽയയിലേക്ക് വരേണ്ട താണ്.

അമീർ/സദ്ർ,

നാഇബ് അമീർ/നാഇബ് സദ്ർ,

ജനറൽ സെക്രട്ടറി,

സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്,

അഡീഷണൽ സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്
(നവ അഹ്മദികളുടെ ശിക്ഷണകാര്യങ്ങൾക്ക് വേണ്ടി),

സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി,

സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ്,

സെക്രട്ടറി തഅ്ലീം,

സെക്രട്ടറി ഉമൂറെ ആമ,

സെക്രട്ടറി ഉമൂറെ ഖാരിജ,

സെക്രട്ടറി വസ്വായാ,

സെക്രട്ടറി മാൽ,

നാഇബ് സെക്രട്ടറി മാൽ,

സെക്രട്ടറി തസ്നീഫ് വ ഇശാഅത്ത്,

അഡീഷണൽ സെക്രട്ടറി തസ്നീഫ് വ ഇശാഅത്ത്
(ഓഡിയോ വീഡിയോ )

സെക്രട്ടറി സറാഅത്ത്(കൃഷികാര്യങ്ങൾ),

സെക്രട്ടറി സൻഅത്ത് വ തിജാറത്ത്,

സെക്രട്ടറി സിയാഫത്ത്,

സെക്രട്ടറി ജാഇദാദ് വ അംലാക്,

ഇമാമുസ്സ്വലാത്ത്,

ആഡിറ്റർ,

അമീൻ,

മുഹാസിബ്,

*നോട്ട് 1. ഖാളി, സെക്രട്ടറി തഹ്‌രീകെ ജദീദ്, സെക്രട്ടറി വഖ്ഫെ ജദീദ്, അഡീഷണൽ സെക്രട്ടറി വഖ്ഫെ ജദീദ് (നവ അഹ്മദികൾക്ക് വേണ്ടി), സെക്രട്ടറി വഖ്ഫെ നൗ, മജ്‌ലിസ് അൻസാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരവാഹികൾ എന്നിവർക്കുള്ള അംഗീകാരം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വാങ്ങേണ്ടതാണ്.*

*നോട്ട് 2. സെക്രട്ടറി വസ്വായ, മൂസിയായിരിക്കേണ്ടത് അനിവാര്യമാണ്.*

321. മുഹസ്സിലിന്ന് (ചന്ദ: പിരിക്കുന്നതിന്ന് വേണ്ടി നിശ്ചയിക്കപ്പെടുന്ന ആളുകൾക്ക്) തദ്ദേശ അഞ്ചുമന്റെ അംഗീകാരം മതിയായതാണ്. എങ്കിലും അനുചിതമായ നിയമനങ്ങൾ നടക്കുകയാണെങ്കിൽ അതിനുള്ള തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള സൗകര്യാർഥം മേൽപറഞ്ഞവരെ സംബന്ധിച്ചുള്ള അറിയിപ്പ് നസാറത്ത് ബൈത്തുൽ മാൽ ആമദ് ൽ എത്തിക്കേണ്ടതാണ്.

323. നാൽപ്പതോ നാൽപ്പതിൽ കൂടുതലോ അംഗങ്ങളുള്ള ഓരോ തദ്ദേശജമാഅത്തിലും തൽപ്രദേശത്തുള്ള വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾക്ക് തീരുമാനം കല്പിക്കുന്നതിനുവേണ്ടി ഖാദി നിയോഗിക്കപ്പെടേണ്ടത് അനിവാര്യമാണ്. അമീറിനോ, പ്രസിഡണ്ടിനോ, മറ്റേതെങ്കിലും ഭാരവാഹിക്കോ ഖാദിയുടെ ചുമതല വഹിക്കാൻ പാടില്ലാത്തതാകുന്നു.

*നോട്ട് 1. ആവശ്യാനുസരണം ഒന്നിലധികം ഖാദിമാരും നിശ്ചയിക്കപ്പെടാവുന്നതാണ്.*

*നോട്ട് 2. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) ഇന്ത്യൻ ജമാഅത്തുകളിലും ജില്ലകളിലും ഖാദിമാരെ നിശ്ചയിക്കുന്നതിന്നു വേണ്ടി ഒരു കമ്മിറ്റിക്ക് രൂപം നൽകിയിരിക്കുന്നു. ഈ കമ്മിറ്റിയാണ് ഖാദിമാരുടെ*

*പേരുകൾ നിർദ്ദേശിച്ച് ഹുസൂർ തിരുമനസ്സിൽ നിന്ന് അംഗീകാരം വാങ്ങുന്നത്.*

324. ഏതെങ്കിലും അമീറിന്റേയോ മറ്റേതെങ്കിലും തദ്ദേശ ഭാരവാഹിയുടേയോ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഏതെങ്കിലും ആൾക്ക് വേണ്ടി പ്രചാരണം നടത്തപ്പെട്ടുവെന്ന് പരാതി ലഭിക്കുകയും അന്വേഷണത്തിൽ അത് സ്ഥിരീകരിക്കപ്പെടു കയും ചെയ്താൽ അത്തരം തിരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കപ്പെടുന്നതും പ്രചാരണം നടത്തിയവർക്കെതിരിൽ ശക്തമായ നടപടികൾ സ്വീകരിക്കപ്പെടുന്നതുമായിരിക്കും. പുനർതിരഞ്ഞെടുപ്പ് വേളയിൽ അവർക്ക് യോഗത്തിൽ പങ്കെടുക്കുവാനുള്ള അനുവാദമുണ്ടായിരിക്കുന്നതുമല്ല.

325. ഏതെങ്കിലും പ്രത്യേക വ്യക്തിക്ക് അനുകൂലമായോ പ്രതികൂലമായോ ജമാഅത്തിലെ വ്യക്തികളിലോ ഏതെങ്കിലും വ്യക്തിയിലോ അഭിപ്രായങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നത് പോലുള്ള ഏത് കാര്യവും പ്രോപ്പഗണ്ട (പ്രചാരണം) എന്നതിന്റെ വരുതിയിൽപ്പെടുന്നതാണ്. എങ്കിലും യോഗാദ്ധ്യക്ഷന്റെ അനുമതിയോടുകൂടി തിരഞ്ഞെടുപ്പ് യോഗത്തിൽ, നാമനിർദേശം ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്ക് അനുകൂലമായി ഉചിതവും മാന്യവുമായ പദങ്ങളിൽ പ്രഭാഷണം നടത്തുവാൻ ഓരോരുത്തർക്കും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഏതെങ്കിലും വ്യക്തിക്കെതിരിൽ ഒരാൾക്കും യാതൊരു പ്രഭാഷണവും നടത്തുവാനുള്ള അധികാരമുണ്ടായിരിക്കുകയില്ല.

326. തിരഞ്ഞെടുപ്പ് വേളയിൽ ഏതെങ്കിലും സ്ഥാനത്തേക്ക് വേണ്ടി സ്വന്തം പേര് നിർദ്ദേശിക്കാനോ സ്വന്തം പേരിൽ വോട്ട് ചെയ്യാനോ പാടില്ലെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് വേളയിൽ സ്വന്തം പേര് നിർദ്ദേശിച്ചുവെന്നോ സ്വന്തം പേരിൽ വോട്ട് ചെയ്തെന്നോ തെളിഞ്ഞാൽ പ്രസ്തുത സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് അസാധുവായി ഗണിക്കുന്നതായിരിക്കും. തൽസമയത്ത് അയാൾ മറ്റേതെങ്കിലും സ്ഥാനം വഹിക്കുന്നുണ്ടെങ്കിൽ അതിൽ നിന്ന് അയാളെ പുറത്താക്കുന്നതായിരിക്കും.

327. തന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ മജ്‌ലിസ് അൻസാറുല്ലാഹ്/ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തജ്നീദിൽ ഉൾപ്പെടാത്ത വ്യക്തി ഒരു തസ്തികയിലും നിശ്ചയിക്കപ്പെടാവതല്ല.

328. തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നവരെല്ലാം വോട്ട് ചെയ്യേണ്ടത് നിർബന്ധമാണ്. വോട്ടിൽ നിന്ന് വിട്ടുനില്ക്കാൻ ആർക്കും അനുവാദമുണ്ടായിരിക്കുന്നതല്ല.

329. താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

- ചട്ടം നമ്പർ 341 ലെ വിശദീകരണമനുസരിച്ച് കേന്ദ്ര അംഗീകാരം കൂടാതെ കുടിശ്ശിക ബാധ്യതയുള്ളവനായി തുടരുകയും അത് അടച്ചു തീർക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി.
- സ്ത്രീകൾ.
- 18 ന് താഴെ പ്രായമുള്ള ആൺകുട്ടികൾ.
- ജമാഅത്തിൽ നിന്നുള്ള അച്ചടക്ക നടപടികൾക്ക് വിധേയരായി തുടരുന്ന വ്യക്തികൾ.
- തങ്ങളുടെ കേന്ദ്ര ചന്ദകൾ, തദ്ദേശ ജമാഅത്ത് നിസാമിനെ (വ്യവസ്ഥയെ) ലംഘിച്ചുകൊണ്ട് വേറെ തന്നെയായി കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കുന്നതിൽ നിർബന്ധം പിടിക്കുന്നവർ.
- തങ്ങളുടെ ചെലവുകൾക്ക് വേണ്ടി തങ്ങളുടെ മാതാപിതാക്കളേയോ രക്ഷാകർത്താക്കളേയോ ആശ്രയിക്കുന്ന പ്രായപൂർത്തിയെത്തിയ വിദ്യാർഥികൾ.

330. താഴെപ്പറയുന്ന വ്യക്തികൾ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാവുന്നതല്ല.

എ) ചട്ടം നമ്പർ 329 അനുസരിച്ച്, വോട്ട് ചെയ്യാൻ അർഹരല്ലാത്തവർ.

ബി) നിർബന്ധചന്ദയുടെ കുടിശ്ശികയുടെ അടക്കാതിരിക്കുന്നതിന് അനുവാദം വാങ്ങാത്തവർ.

സി) വസിയ്യത്ത് നിയമാവലിയിലെ ചട്ടം നമ്പർ 72 പ്രകാരം സദ്ർ അഞ്ചുമൻ അഹ്മദിയ്യാ, വസിയ്യത്ത് ദുർബലപ്പെടുത്തിയിട്ടുള്ള വ്യക്തി.

ഡി) ചന്ദപ്പണം സ്വന്തമാവശ്യത്തിന് വിനിയോഗിച്ചയാൾ

*നോട്ട്: അത്തരം വ്യക്തിയുടെ പേര് പണം തിരിച്ചടക്കുകയും മാപ്പുകിട്ടുകയും ചെയ്തതിനുശേഷം മൂന്നു വർഷം വരെ ഒരു സ്ഥാനത്തേക്കും നിർദ്ദേശിക്കപ്പെടാവുന്നതല്ല.*

341. ചന്ദ:ദായകർ എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് തങ്ങളുടെ ചന്ദ: കൃത്യമായി കൊടുക്കുന്നവരും ആറുമാസത്തിൽ കൂടുതൽ കാലത്തെ ചന്ദ:ആം/ചന്ദ ഹിസ്സ ആമദ് കുടിശ്ശികയില്ലാത്തവരും ചന്ദ ജൽസാ സാലാനാ ഒരു വർഷത്തിലധികം കുടിശ്ശിക ഇല്ലാത്തവരും എന്നാണ്.

342. ഏതെങ്കിലും കുടിശ്ശികക്കാരൻ തന്റെ കുടിശ്ശിക സംഖ്യ അടച്ചുതീർക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കാര്യാലയത്തിൽ നിന്ന് അവധി വാങ്ങിയിട്ടുണ്ടെങ്കിൽ അവധി വാങ്ങിയിട്ടുള്ള കാലയളവ്വരെ അയാൾ മേൽ നിബന്ധനയിൽനിന്ന് മുക്തനായിരിക്കും.

344. തന്റെ കുടിശ്ശിക മാപ്പാക്കിച്ചിട്ടുള്ള ചന്ദദായകൻ 5 വർഷം വരെ കൃത്യമായി ചന്ദ കൊടുക്കുന്നുവെങ്കിൽ ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയോ നിയമിക്കപ്പെടുകയോ ചെയ്യാവുന്നതാണ്.

345. അനുവാദം വാങ്ങി ചന്ദ ഇളവു ചെയ്തിട്ടുള്ള വ്യക്തി വോട്ട് ചെയ്യാൻ അർഹനായിരിക്കുമെങ്കിലും ഏതെങ്കിലും സ്ഥാനത്തേക്കുള്ള അയാളുടെ നിയമനം/തെരഞ്ഞെടുപ്പ് കേന്ദ്രാനുമതിയോടെ മാത്രമായിരിക്കും.

## ഭാരവാഹികളുടെ അംഗീകാരം

346. കേന്ദ്രവുമായി ബന്ധപ്പെട്ട് നിയമനം നടത്തപ്പെടുന്ന തദ്ദേശഭാരവാഹികളെ സ്ഥാനഭ്രഷ്ടരാക്കുന്നത് കേന്ദ്രവുമായി ബ

 നഥപ്പെട്ടുകൊണ്ട് തന്നെയായിരിക്കും. അമീറിന് അവരെ സ്ഥാന ഭ്രഷ്ടരാക്കണമെന്ന് ശിപാർശ നല്കാവുന്നതാണ്. ഏതെങ്കിലും ഭാരവാഹിയെ തീരുമാനം വരുന്നതു വരെ തൽസ്ഥാനത്തു നിന്ന് താൽകാലികമായി മാറ്റുവാൻ അമീറിന് അധികാരമുണ്ടായിരിക്കും.

347. നാസിർ അഅ്‌ലാ, തദ്ദേശ ജമാഅത്ത് ഭാരവാഹികളെ തിര ഞ്ഞെടുപ്പ് മുഖേനയും തദ്ദേശഅമീറിന്റെ അഭിപ്രായപ്രകാരവും നിയമിക്കുന്നതാണ്. തിരഞ്ഞെടുപ്പിന് അംഗീകാരം നല്കാതി രി ക്കാനോ അല്ലെങ്കിൽ ഏതെങ്കിലും ഭാരവാഹിയെ തൽസ്ഥാന ത്തുനിന്ന് കാരണമൊന്നും പറയാതെ മാറ്റാനും പുതിയ തിരഞ്ഞെ ടുപ്പിന് നിർദ്ദേശം നൽകാനും നാസിർ അഅ്‌ലായ്ക്ക് അധികാര മുണ്ടായിരിക്കും. പ്രത്യേക സാഹചര്യങ്ങളിൽ നാസിർ അഅ്‌ലാ യ്ക്ക് തദ്ദേശ ഭാരവാഹികളെ നാമനിർദ്ദേശവും ചെയ്യാവുന്നതാണ്.

**സുപ്രധാന കുറിപ്പ് :** സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) ഖാദിയാനിൽ ഒരു മർ ക്കസി ഇൻതിഖാബ് കമ്മിറ്റി (കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി) രൂപവൽക്കരിച്ചിരിക്കുന്നു. നാസിർ അഅ്‌ലയാണ് ഇതിന്റെ സദ്ർ. ജമാഅത്ത് സദ്ർമാരുടേയും സെക്രട്ടറിമാരുടേയും അംഗീകാരം ഈ കമ്മിറ്റി മുഖേനയാണ് നൽകപ്പെടുന്നത്.

350. ഏതെങ്കിലുമൊരിടത്ത് നിർബന്ധിത സാഹചര്യത്തിൽ കുടിശ്ശികയുള്ള ഒരാൾ ഏതെങ്കിലുമൊരു ഔദ്യോഗിക പദവി യിൽ നിയമിക്കപ്പെടേണ്ടി വരികയാണെങ്കിൽ പ്രസ്തുത ഭാരവാ ഹിയിൽ നിന്നും അയാൾ തന്റെ കുടിശ്ശിക ഉചിതമായ നിശ്ചിത വുമായ തവണകളിൽ കൃത്യമായി കൊടുത്തുകൊണ്ടിരിക്കു മെന്ന വാഗ്ദാനം രേഖാമൂലം വാങ്ങിയിരിക്കേണ്ടതാണ്. ഈ നിജപ്പെടുത്തിയ തവണക്ക് തദ്ദേശ അമീറോ പ്രസിഡണ്ടോ മുഖേന ബന്ധപ്പെട്ട കാര്യാലയത്തിൽ നിന്നും അംഗീകാരം വാ ങ്ങേണ്ടത് നിർബന്ധമാണ്. എന്നാൽ ഏതെങ്കിലും കുടിശ്ശിക ക്കാരൻ (മൂസിയായ കുടിശ്ശികക്കാരനൊഴികെ, അയാളുടെ കുടിശ്ശിക ഇളവ് ചെയ്യപ്പെടാവതല്ല)തന്റെ കുടിശ്ശിക അടച്ചു തീർ ക്കുവാൻ തികച്ചും അശക്തനാണെങ്കിൽ തന്റെ പരാധീനതകൾ

വിശദമായി സമർപ്പിച്ചുകൊണ്ട് മേൽ പറഞ്ഞ അതേ മാർഗേണ ഖലീഫത്തുൽ മസീഹിൽ നിന്ന് അത് മാപ്പാക്കേണ്ടതാണ്.

354. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ലിസ്റ്റുകൾ അവരുടെ പൂർണവിലാസത്തോടു കൂടി നസാറത്ത് ഉൽയയിൽ വരേണ്ടതാകുന്നു. എന്നാൽ പുതിയ ഭാരവാഹികളുടെ അംഗീകാരത്തിന്റെ അറിയിപ്പ് നൽകുന്നത്വരെ മുൻഭാരവാഹികൾ തന്നെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

**മറ്റ് കാര്യങ്ങൾ :**

355. പുതിയ ഭാരവാഹികളുടെ അംഗീകാരമാകുന്നതോടു കൂടി മുൻഭാരവാഹികൾ ഉടൻതന്നെ പൂർണവിവരണങ്ങളും സമ്പൂർണ റിക്കാർഡുകളും സഹിതം പ്രവർത്തന ചുമതലകൾ പുതിയ ഭാരവാഹികളെ ഏൽപ്പിക്കേണ്ടതാണ്. പുതിയ ഭാരവാഹികൾ ചാർജ്ജ് ഏറ്റെടുത്ത് കഴിഞ്ഞ് രണ്ടാഴ്ചക്കുള്ളിൽ മുൻഭാരവാഹികളിൽ നിന്ന് മുൻവർഷങ്ങളിലെ റിപ്പോർട്ടുകൾ വാങ്ങി ബന്ധപ്പെട്ട കേന്ദ്ര ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ചുമതല പിന്നീട് അവരിൽത്തന്നെ നിക്ഷിപ്തമായിരിക്കും.

363. ജമാഅത്തുകളിൽ സെക്രട്ടറിമാരുടെ പേരിൽ കത്തിടപാട് നടത്താവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ അതിന്റെ പകർപ്പ് തീർച്ചയായും അമീർ/സദ്ർന് അയക്കേണ്ടതാണ്.

364. തദ്ദേശ അമീർ/സദ്ർ തൽപ്രദേശത്തു നിന്ന് പുറത്തു പോകുന്നതിനു മുമ്പേ നാസിർ അഅ്ലായിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതും തന്റെ പകരക്കാരനെ (ആക്റ്റിംഗ്) നിശ്ചയിപ്പിക്കേണ്ടതുമാണ്.

322. തദ്ദേശ അമീർ/സദ്ർ തൽപ്രദേശത്തു നിന്ന് പുറത്തു പോകുന്നതിനു മുമ്പേ നാസിർ അഅ്ലായിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാൻ കഴിയാതിരുന്നാൽ തന്റെ മജ്ലിസ് ആമിലയിലെ ആരെയെങ്കിലും തന്റെ പകരക്കാരനെ (ആക്റ്റിംഗ്) നിശ്ചയിച്ചുകൊണ്ട് നാസിർ അഅ്ലാക്ക് അറിയിപ്പ് നൽകേ

ണ്ടതാണ്. തദ്ദേശ അമീർ/സദ്റിന്റെ ഈ അഭാവം 15 ദിവസ ത്തിൽ കവിയരുത്.

## ഇമാറത്തിന്റെ തിരഞ്ഞെടുപ്പ്

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് ഇന്ത്യയിലെ ജമാഅത്തുകളിൽ ഇമാറത്ത് വ്യവ സ്ഥിതി സ്ഥാപിക്കുന്നതിന് ഇങ്ങനെ നിർദ്ദേശം നല്കിയി രിക്കുന്നു :-

ഇനി മുതൽ 40-നു പകരം 50 ചന്ദ ദാതാക്കൾ, ഇമാറത്തിന്റെ തിരഞ്ഞെടുപ്പിനുള്ള കുറഞ്ഞ മാനദണ്ഡമായിരിക്കും. കുറ ഞ്ഞത് ഉണ്ടായിരിക്കേണ്ടതാണ്. മറ്റു സ്ഥിതിവിവരങ്ങൾ അതായത്, ഡോക്ടർ, ടീച്ചർ, വക്കീലുമാർ തുടങ്ങിയവരുടെ ഉചി തമായ എണ്ണവും പൂർത്തിയായിരിക്കേണ്ടതും അതിന് ഖലീഫ ത്തുൽ മസീഹിൽനിന്ന് അനുമതി വാങ്ങിയിരിക്കുകയും വേ ണം (Ref : Letter QND 0314/16.2.2008)

ഈ നിർദ്ദേശമനുസരിച്ച് ചില ജമാഅത്തുകളുടെ സ്ഥിതിവിവ രങ്ങളും റിപ്പോർട്ടുകളും സമർപ്പിച്ചപ്പോൾ ഹുസൂർ തിരുമനസ്സ് കുറച്ച് ജമാഅത്തുകളിൽ കൂടി ഇമാറത്ത് വ്യവസ്ഥിതി സ്ഥാ പിക്കാൻ അനുമതി നൽകുകയുണ്ടായി. അങ്ങനെ 2010ൽ പ്രസ് തുത ജമാഅത്തുകളിലും ഇമാറത്തിനുള്ള തെരഞ്ഞെടുപ്പ് നട ക്കുകയുണ്ടായി.

**ഇമാറത്തിന്റെ തിരഞ്ഞെടുപ്പ്,**

**തിരഞ്ഞെടുപ്പ്സമിതി മുഖേനയായിരിക്കും**

331. അമീർ, സെക്രട്ടറിമാർ, മുഹാസിബ്, ഓഡിറ്റർ, എന്നിവ രുടെ തിരഞ്ഞെടുപ്പ് നേരിട്ട് നടക്കുന്നതല്ല. മറിച്ച് തിരഞ്ഞെടുപ്പ് സമിതി(മജ്‌ലിസ് ഇൻതിഖാബ്) മുഖേനയായിരിക്കും നടക്കുക. അതിലെ അംഗങ്ങളെ ചന്ദദാതാക്കൾ ചട്ടങ്ങളനുസരിച്ച് തിര ഞ്ഞെടുക്കുന്നതായിരിക്കും.

♦ ചന്ദദാതാക്കളുടെ എണ്ണം 50 മുതൽ 100 വരെയാണെങ്കിൽ

തിരഞ്ഞെടുപ്പ്സമിതിയിലെ അംഗങ്ങളുടെ എണ്ണം 11 ആയിരിക്കും. അതിനുശേഷം ഓരോ 25-നും ഒരംഗം എന്ന നിലയിൽ എടുക്കുന്നതാണ്. അതായത് ചന്ദദാതാക്കളെ എണ്ണം 200 ആണെങ്കിൽ 15 അംഗങ്ങളെ തിരഞ്ഞെടുപ്പ് സമിതിയിലേക്ക് തിരഞ്ഞെടുക്കാവുന്നതാണ്. ഈ എല്ലാ അംഗങ്ങളും 60 വയസ്സിനു താഴെയുള്ളവരായിരിക്കും.

♦ബയ്അത്ത് ചെയ്ത് ചുരുങ്ങിയത് 10 വർഷം കഴിഞ്ഞ 60 വയസ്സിനു മുകളിൽ പ്രായമുള്ള അംഗങ്ങളുടെ എണ്ണം 60 വയസ്സിൽ താഴെപ്രായമുള്ളവരുടെ എണ്ണത്തിന് തുല്യമാണെങ്കിൽ അവർ തിരഞ്ഞെടുപ്പ് കൂടാതെ തന്നെ തിരഞ്ഞെടുപ്പ് സമിതിയിൽ അംഗങ്ങളായിത്തീരുന്നതാണ്. അധികമാണെങ്കിൽ തിരഞ്ഞെടുപ്പിലൂടെ 60 വയസ്സിനു താഴെപ്രായമുള്ള അംഗങ്ങളുടെ എണ്ണത്തിന് തുല്യം അംഗങ്ങളെ അവരിൽ നിന്ന് തിരഞ്ഞെടുക്കുന്നതാണ്. അതായത്, ചന്ദദാതാക്കളെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 60 വയസ്സിന് താഴെപ്രായമുള്ള അംഗങ്ങൾ 15 പേരും 60 വയസ്സിനു മേൽ പ്രായമുള്ളവരുടെ ചന്ദദാതാക്കളുടെ എണ്ണം 20/25ഉം ആണെങ്കിൽ അവരിൽ നിന്ന് 15 അംഗങ്ങളെ മാത്രം തെരഞ്ഞെടുക്കുന്നതായിരിക്കും. ആ തിരഞ്ഞെടുപ്പിൽ എല്ലാ ചന്ദദാതാക്കളും പങ്കെടുക്കുന്നതായിരിക്കും. അതായത് 60 വയസ്സിനു താഴെയും 60 വയസ്സിനു മേലും പ്രായമുള്ള അംഗങ്ങളുടെ പേരുകൾ പ്രത്യേകം പ്രത്യേകം സമർപ്പിക്കുന്നതായിരിക്കും. പക്ഷെ, തെരഞ്ഞെടുപ്പിൽ വോട്ട്കൊടുക്കുമ്പോൾ ഹാജരാവുന്ന എല്ലാ അംഗങ്ങളും ഭാഗഭാക്കാകുന്നതായിരിക്കും.

*നോട്ട്: വോട്ട് ചെയ്യുന്നതിനും ഔദ്യോഗികസ്ഥാനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്നതിനും അർഹരായ ചന്ദദാതാക്കൾക്കുള്ള നിബന്ധന സദാറത്തിന്റെ തിരഞ്ഞെടുപ്പിന്റെ ചട്ടങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുതന്നെയാണ്. (ചട്ടം നമ്പർ 329,330,341,*345)

333. തിരഞ്ഞെടുപ്പ് സമിതിയിലെ അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തുന്നത് (ചന്ദ) ബഡ്ജറ്റിൽ രേഖപെടുത്തിയിരിക്കുന്ന എണ്ണമനുസരിച്ചായിരിക്കും.

334: തിരഞ്ഞെടുപ്പ് സമിതിയുടെ കാലാവധി മൂന്നു വർഷമാണ്. അതിലെ അംഗങ്ങളുടെ നിശ്ചിതഎണ്ണം ചന്ദദാതാക്കളുടെ എണ്ണത്തിനനുസരിച്ച് പൂർത്തിയാക്കേണ്ടത് തദ്ദേശജമാഅത്തിന്റെ കർത്തവ്യമാണ്.

♦തിരഞ്ഞെടുപ്പ് സമിതിയിലെ അംഗങ്ങൾക്കുള്ള അംഗീകാരത്തിന്റെ കാര്യം സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ മുഖേന ഹുസൂർ തിരുമനസ്സിന്റെ  സവിധത്തിൽ സമർപ്പിക്കുന്നതാണ്. അംഗീകാരത്തിനുശേഷം അമീറിന്റെയും മറ്റു ഭാരവാഹികളുടേയും തിരഞ്ഞെടുപ്പ് നടക്കുന്നതായിരിക്കും.

336. തിരഞ്ഞെടുപ്പ് സമിതിയുടെ സ്റ്റേറ്റുമെന്റ് (റിപ്പോർട്ട്) തിരഞ്ഞെടുക്കപ്പെട്ട സമിതിയംഗങ്ങളുടെ പട്ടികയുടെകൂടി നസാറത്ത് ഉൽയയിലേക്ക്  അംഗീകാരത്തിന്നായി അയക്കേണ്ടതാണ്. അതിൽ തിരഞ്ഞെടുക്കപ്പെട്ട സമിതിയോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളുടെയും  ഒപ്പ് അല്ലെങ്കിൽ വിരലടയാളവും അവരുടെ പൂർണ്ണ മേൽവിലാസവും രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്.

337. പ്രസ്തുത തിരഞ്ഞെടുപ്പ് സമിതിയുടെ അധ്യക്ഷനെ യോഗത്തിൽ സന്നിഹിതരായ തിരഞ്ഞെടുപ്പ് സമിതി അംഗങ്ങളിൽ നിന്ന് ഭൂരിപക്ഷാഭിപ്രായ പ്രകാരം നിശ്ചയിക്കപ്പെടുന്നതാണ്. ഈ ആവശ്യത്തിന് നാസിർ അഅ്‌ലാ ഏതെങ്കിലും പ്രതിനിധിയെ  നാമനിർദ്ദേശം ചെയ്താലൊഴികെ.

338. തിരഞ്ഞെടുപ്പ് സമിതിയിലെ ഏതെങ്കിലും അംഗം മരണപ്പെടുകയോ സ്ഥലം മാറുകയോ ഒഴികഴിവ് പറയുകയോ മറ്റേതെങ്കിലും കാരണവശാൽ പ്രസ്തുത സമിതിയിലെ  അംഗമല്ലാതായിത്തീരുകയോ ചെയ്യുകയാണെങ്കിൽ അതു സംബന്ധമായി ഉടൻതന്നെ   നാസിർ അഅ്‌ലാക്ക് അറിയിപ്പ് നല്കേണ്ടത് നിർബന്ധമാണ്. (തുടർന്ന് നാസിർ അഅ്‌ലായുടെ അനുമതിയോടെ പകരം അംഗത്തെ തിരഞ്ഞെടുത്ത് അംഗീകാരം വാങ്ങേണ്ടതാണ്)

339. തിരഞ്ഞെടുപ്പ് സമിതിയുടെ യോഗം മുഴുവൻ അംഗങ്ങ

ളുടേയും ആകെ എണ്ണത്തിന്റെ പകുതി അംഗങ്ങൾ സന്നിഹിതരാണെങ്കിൽ നടത്താവുന്നതാണ്.

340. അമീറുമാരുടെ തിരഞ്ഞെടുപ്പിൽ താഴെപറയുന്ന കാര്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

അമീർമാരുടെ തിരഞ്ഞെടുപ്പിൽ താഴെ രേഖപ്പെടുത്തുന്ന സംഗതികൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാകുന്നു:

♦ ചുരുങ്ങിയത് നാല്(4) പേരുകൾ സമർപ്പിക്കണം.

♦ ഓരോ അംഗത്തിനും 3(മൂന്ന്) വോട്ട് ചെയ്യാൻ അവകാശമുണ്ടായിരിക്കും. (പ്രത്യുത നിർബന്ധമാണ്.)

♦ ഓരോ പേരിനും ലഭിച്ച വോട്ടുകളുടെ വിവരം വിശദമായി രേഖപ്പെടുത്തേണ്ടതാണ്.

♦ ഓരോരുത്തരുടേയും ബയ്അത്ത് ചെയ്ത വർഷം, വിദ്യാഭ്യാസയോഗ്യത, പ്രായം, തൊഴിൽ നേരത്തെ ചെയ്തിട്ടുള്ള ജമാഅത്തീ സേവനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കണം.

348. തദ്ദേശ അമീർമാരുടെയും നാഇബ് അമീർമാരുടെയും തിരഞ്ഞെടുപ്പ്/നിയമനത്തിനുള്ള അംഗീകാരം നസാറത്ത് ഉൽയാ(സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ മുഖേന) ഖലീഫത്തുൽ മസീഹിൽ നിന്ന് കരസ്ഥമാക്കുന്നതാണ്.

(അതായത് തിരഞ്ഞെടുപ്പ് സമിതി മുഖേന തിരഞ്ഞെടുക്കപ്പെടുന്ന അമീർ, നാഇബ് അമീർ എന്നിവർക്കുള്ള അംഗീകാരം ഖലീഫത്തുൽ മസീഹാണ് നൽകുന്നത്. മജ്‌ലിസ് ആമിലയിലെ ബാക്കി ഭാരവാഹികൾക്കുള്ള അംഗീകാരം നസാറത്ത് ഉൽയ നൽകുന്നതാണ്. അതുപോലെ തന്നെ സദ്ർമാർക്കും അവരുടെ മജ്‌ലിസ് ആമിലക്കുള്ള അംഗീകാരവും നസാറത്ത് ഉൽയ നൽകുന്നതാണ്.)

352. തിരഞ്ഞെടുപ്പ് ലിസ്റ്റ് കേന്ദ്രത്തിലേക്ക് അയക്കുമ്പോൾ പ്രസ്തുത അഞ്ചുമനിൽ എത്ര അംഗങ്ങൾ നിയമപ്രകാരം വോട്ടവകാശമുള്ളവരായിട്ടുണ്ടെന്നും യോഗവേളയിൽ എത്ര പേർ സന്നിഹിതരായിരുന്നുവെന്നും വ്യക്തമായി വിവരിക്കേണ്ടതാണ്.

353. തിരഞ്ഞെടുപ്പ് ലിസ്റ്റിൽ യോഗാദ്ധ്യക്ഷന് പുറമേ യാതൊരു ഔദ്യോഗിക സ്ഥാനത്തേക്കും പേര് നിർദ്ദേശിക്കപ്പെടാത്തവരും എന്നാൽ തിരഞ്ഞെടുപ്പ് നടപടികളിൽ സന്നിഹിതരായിരുന്നവരുമായ രണ്ടു സഹോദരങ്ങളുടെ കയ്യൊപ്പ് കൂടി ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്.

371. എല്ലാ തദ്ദേശ ഭാരവാഹികളും ഖലീഫത്തുൽ മസീഹിന്റെ അസാന്നിധ്യത്തിൽ നിശ്ചയിക്കപ്പെടുന്ന ഖാദിയാൻ പ്രാദേശിക അമീറും മറ്റു അമീർമാരും ഉൾപ്പെടെ തന്താങ്ങളുടെ പ്രവർത്തന വൃത്തങ്ങളിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ നാസിർമാരുടെ (വകുപ്പ് അധ്യക്ഷന്മാർ) നിർദേശങ്ങൾക്കും മേൽനോട്ടങ്ങൾക്കും വിധേയമായിരിക്കും. ഓരോ (Nazir)നാസിറിനും എല്ലാ തദ്ദേശ അഞ്ചുമനുകളുടേയും സകല റിക്കാർഡുകളും നോക്കുവാനും പരിശോധിക്കാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ആവശ്യം വരുന്ന സന്ദർങ്ങളിൽ ഏതെങ്കിലും റിക്കാർഡുകൾ ഖാദിയാനിലേക്കോ മറ്റേതെങ്കിലും സ്ഥലത്തേക്കോ വരുത്തി പരിശോധിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

373. പ്രാദേശിക അമീറിന്റെ ഏതെങ്കിലും തീരുമാനത്തിനോ കല്പനക്കോ നടപടിക്കോ മറ്റോ എതിരിൽ പ്രാദേശിക ജമാഅത്തിലെ വ്യക്തികൾക്ക് പരാതിയുണ്ടെങ്കിൽ അവർക്ക് കേന്ദ്രത്തിൽ തങ്ങളുടെ അപ്പീൽ ബോധിപ്പിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്. കേന്ദ്രത്തിന്റെ തീരുമാനം സ്വീകരിക്കേണ്ടത്, പ്രാദേശിക അമീറിനും പ്രാദേശിക ജമാഅത്ത് അംഗങ്ങൾക്കും നിർബന്ധമായിരിക്കും. പ്രാദേശിക അമീറിന്റെ തീരുമാനത്തിനോ കല്പനക്കോ എതിരായി കേന്ദ്രത്തിൽ നല്കപ്പെടുന്ന അപ്പീൽ പ്രാദേശിക അമീർ മുഖേന നല്കപ്പെടേണ്ടതാകുന്നു. അത്തരം അപ്പീൽ ഏഴ് ദിവസങ്ങൾക്കകം തന്നെ തങ്ങളുടെ വിശദീകരണത്തോടുകൂടി കേന്ദ്രത്തിലേക്ക് അയക്കേണ്ടത് പ്രാദേശിക അമീറിന്റെ ബാധ്യതയായിരിക്കും. അപ്പീൽ സംബന്ധമായ തീരുമാനം വരുന്നത് വരെ അപ്പീലിന് വിധേയമായ

കല്പന പ്രാവർത്തികമാക്കേണ്ടത് നിർബന്ധമായി ഗണിക്കപ്പെടുന്നതാണ്. എങ്കിലും അന്തിമ തീരുമാനത്തിന് മുമ്പും അപ്പീലിന് വിധേയമായ കല്പന പ്രവാർത്തികമാക്കുന്നത് തടയുന്നതിനുള്ള അധികാരം കേന്ദ്രത്തിനുണ്ടായിരിക്കുന്നതാണ്.

374. (എ.) തദ്ദേശ ജമാഅത്തിന്റെ അന്തിമ ഉത്തരവാദി തദ്ദേശ അമീർ ആയിരിക്കും. അതിനാൽ അദ്ദേഹത്തിന്, അഭിപ്രായ വ്യത്യാസങ്ങളുള്ള സാഹചര്യങ്ങളിൽ ഏതെങ്കിലും ഒരു സംഗതി ജമാഅത്തിന്റെ താല്പര്യങ്ങൾക്ക് ദോഷകരവും പ്രവർത്തനത്തിനും സമാധാനത്തിനും ഭംഗവും വരുത്തുന്നതാണെന്ന് കരുതുന്നുവെങ്കിൽ ഭൂരിപക്ഷാഭിപ്രായത്തെ തന്റെ അധികാരം മുഖേന റദ്ദ് ചെയ്യുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അത്തരം സാഹചര്യങ്ങളിൽ ജമാഅത്തിന്റെ ഉടമസ്ഥതയിലായി ഗണിക്കപ്പെടുന്ന ഒരു കൃത്യമായ രജിസ്റ്ററിൽ തന്റെ അഭിപ്രായഭിന്നതയുടെ കാര്യകാരണങ്ങൾ രേഖപ്പെടുത്തിയിരിക്കേണ്ടത് തദ്ദേശ അമീറിന്റെ നിർബന്ധ ചുമതലയായിരിക്കും അഥവാ അത്തരം കാരണങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ജമാഅത്തിന്റെ നന്മക്ക് വിരുദ്ധമാണെന്ന് കരുതുന്നുവെങ്കിൽ ചുരുങ്ങിയ പക്ഷം ഇവിടെ പരാമർശിക്കുന്നത് ജമാഅത്തിന്റെ നന്മക്ക് വിരുദ്ധമാണെന്ന് കരുതുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂരിപക്ഷാഭിപ്രായത്തിനെതിരായി ഞാൻ ഈ തീരുമാനം എടുക്കുന്നത് എന്നെങ്കിലും എഴുതേണ്ടതാണ്.

(ബി.) എങ്കിലും മേൽപറഞ്ഞ സാഹചര്യത്തിൽ തദ്ദേശ അമീർ തന്റെ ഭിന്നാഭിപ്രായത്തിന്റെ കാരണങ്ങൾ രേഖപ്പെടുത്തി രഹസ്യസ്വഭാവത്തോടു കൂടി കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കേണ്ടത് നിർബന്ധമായിരിക്കും. അത്തരം റിപ്പോർട്ടുകൾ ഒരാഴ്ച്ചക്കകം അയക്കേണ്ടതും നിർബന്ധമാണ്. റിപ്പോർട്ട് അയച്ച ഉടനെ തന്നെ അത്തരം റിപ്പോർട്ട് നല്കിയിട്ടുണ്ടെന്ന് തന്റെ പ്രവർത്തകസമിതിയെ രേഖാമൂലം വിവരമറിയിക്കേണ്ടതും അമീറിന്റെ നിർബന്ധ ചുമതലയാകുന്നു.

376. എല്ലാ തദ്ദേശ സംവിധാനത്തിനും മേഖലാ തലത്തിലോ ജില്ലാ തലത്തിലോ പ്രത്യേക പരിധിതലത്തിലോ സംസ്ഥാന തലത്തിലൊ ഒരു പ്രത്യേക രാജ്യവിഭാഗമെന്ന നിലയിലോ ഉള്ള സംവിധാനങ്ങൾക്കും കേന്ദ്രസംവിധാനത്തിന്റെ ഏതു തീരുമാനത്തിനുമെതിരിൽ ഖലീഫത്തുൽ മസീഹ് മുമ്പാകെ അപ്പീൽ ബോധിപ്പിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

377. ജമാഅത്തിന്റെ പൊതുവായുള്ള നന്മകളെ ബാധിക്കുന്ന കാര്യങ്ങളിൽ തദ്ദേശ അമീർ/സദ്റിന്, പോഷക സംഘടനകളോട് കല്പിക്കുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. അത് രേഖാമൂലമായിരിക്കേണ്ടതാകുന്നു. പ്രസ്തുത കല്പന അന്യായമാണെന്ന് തോന്നുന്നപക്ഷം മേൽ പറഞ്ഞ മജ്‌ലിസുകൾക്ക് അത് തങ്ങളുടെ കേന്ദ്ര മജ്‌ലിസുകൾ മുഖേന സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

# ജമാഅത്തിന്റെ ഭാരവാഹികളുടേയും മജ്‌ലിസെ ആമിലയുടേയും ഉത്തരവാദിത്വങ്ങൾ

സയ്യിദുനാ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു:

.......അല്ലാഹു തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ഉത്തരവാദിത്വങ്ങളും നല്കിയിട്ടുണ്ട്. അതായത് നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ അതിനെ സാമൂഹികമായ അമാനത്ത്(സൂക്ഷിപ്പുമുതൽ) ആണെന്ന് മനസിലാക്കി ഈ അമാനത്തിന്റെ കടമ നിറവേറ്റുക. തങ്ങളുടെ എല്ലാ കഴിവുകളും മുഖേന ഈ ഉത്തരവാദിത്വം നിർവഹിക്കുക. തങ്ങളുടെ സമയത്തിൽ നിന്ന് ഈ ചുമതലക്കു വേണ്ടി സമയം നല്കുക. ജമാഅത്തിന്റെ പുരോഗതിക്കായി പുതിയ മാർഗങ്ങൾ അന്വേഷിക്കുക. നിങ്ങളുടെ തീരുമാനങ്ങൾ നീതിയുടേയും ന്യായത്തിന്റേയും ആവശ്യങ്ങൾ പൂർത്തികരിക്കുന്നതായിരിക്കണം. നിങ്ങളുടെ അഹംഭാവവും സുഹൃത്തുക്കളും ബന്ധുക്കളുമായിട്ടുള്ള ബന്ധവും നീതിയിൽ നിന്ന് നിങ്ങളെ അകറ്റിക്കൊണ്ടുപോകുന്നതാകരുത്. ഇന്ന വ്യക്തി എനിക്ക് വോട്ട് തന്നില്ല അല്ലെങ്കിൽ ഇന്ന വ്യക്തിയുടെ പേര് എനിക്കെതിരിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു അതുകൊണ്ട് എനിക്കെപ്പോഴെങ്കിലും സന്ദർഭം ലഭിച്ചാൽ ഞാൻ അയാളെ ബുദ്ധിമുട്ടിക്കുമെന്ന ചിന്ത ഒരു ഭാരവാഹിയുടേയും മനസ്സിൽ ഒരിക്കലും വരാൻ പാടില്ല. ഇത് മുഅ്മിനീങ്ങളുടെ അന്തസ്സിന് അനുഗുണമല്ല. മറിച്ച് അങ്ങേയറ്റം നിന്ദ്യമായ പ്രവർത്തിയാണ്.

ലോകത്തെല്ലായിടത്തുമുള്ള ഭാരവാഹികളുടെ മറ്റൊരു ഉത്തരവാദിത്വം കൂടിയുണ്ട്, മുബല്ലിഗുമാർ അല്ലെങ്കിൽ വാഖ്ഫീനെ സിന്ദഗി അതായത് ജീവിതം ദീനീസേവനത്തിന് സമർപ്പിച്ചവരോടെല്ലാം ബഹുമാനവും ആദരവും സ്വന്തം മനസ്സിൽ ഉണ്ടാക്കുകയും ജനങ്ങളുടെ മനസുകളിലും അവരെ ബഹുമാനിക്കേണ്ടതും

ബഹുമാനിപ്പിക്കേണ്ടതും അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കേണ്ട തും കഴിവും തൗഫീഖുമനുസരിച്ച് അവർക്കുവേണ്ടി സൗകര്യ ങ്ങൾ ഏർപ്പെടുത്തിക്കൊടുക്കേണ്ടതും ജമാഅത്തിന്റേയും ഭാര വാഹികളുടേയും പ്രവർത്തിയാണ്. അങ്ങനെ അവർക്ക് തങ്ങ ളുടെ പ്രവർത്തനങ്ങളിൽ ഏകാഗ്രത ഉണ്ടാകുകയും അവർക്ക് തങ്ങളുടെ പ്രവർത്തികൾ നല്ല നിലയിൽ ചെയ്യാനും ഒരു തരത്തി ലുള്ള പ്രയാസങ്ങളും കൂടാതെ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും കഴിയുന്നതാണ്. മുബല്ലിഗുമാർക്ക് ബഹുമാന്യ സ്ഥാനം നൽകുന്നില്ലെങ്കിൽ വരുംതലമുറകളിൽ വാഖ്ഫീനെ സിന്ദഗിയേയും മുബല്ലിഗുമാരേയും അന്വേഷിച്ച് കണ്ടെത്താൻ തന്നെ നിങ്ങൾക്ക് പ്രയാസകരമായിരിക്കും. ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് റാബിഅ്(റഹ്) ആരംഭിച്ച വാഖ്ഫീനെ നൗ പദ്ധതിക്കു കീഴിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിരവധി വാഖ്ഫീനെ നൗ കുട്ടികൾ വഖ്ഫ രംഗത്ത് വന്നുകൊണ്ടിരി ക്കുന്നു.

(ജുമുഅ ഖുത്ബ, 2004 ഡിസംബർ 31

# അമീർമാരുടേയും സദ്ർമാരുടേയും കടമകളും അധികാരങ്ങളും

ജമാഅത്തിൽ സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം നില നിറുത്തേണ്ടത് ജമാഅത്തിന്റെ അമീർ/സദ്റിന്റെ പ്രധാന ഉത്ത രവാദിത്വമാണ്. ജമാഅത്ത് ഭാരവാഹികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മാർഗദർശനത്തിനും പുറമെ എല്ലാ മാസ വും ഒരിക്കൽ മജ്‌ലിസെ ആമിലയുടെ മീറ്റിംഗ് വിളിച്ച് മാസാന്തര പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതും അമീർ/സദ്റിന്റെ ഉത്ത രവാദിത്തമാണ്. ജമാഅത്തിൽ പുരുഷന്മാരും സ്ത്രീകളും കുട്ടി കളുമുൾപ്പെടെ മൊത്തം എത്രപേർ ഉണ്ടെന്നും, അതിൽ എത്ര പേർ ചന്ദദാതാക്കളാണെന്നു എത്രപേർ ചന്ദദാതാക്കളല്ലെന്നും വരുമാനമുള്ളവർ എത്ര, വരുമാനമില്ലാത്തവർ എത്ര, നമസ്കരി ക്കുന്നവർ എത്ര, ജമാഅത്തീ സംവിധാനവുമായി കൃത്യമായ ബന്ധമുള്ളവർ എത്ര എന്നെല്ലാം അമീർ/സദ്ർ അറിഞ്ഞിരിക്കേ ണ്ടതാണ്. ആരെങ്കിലും ഇക്കാര്യങ്ങളിൽ ദുർബലരാണെങ്കിൽ അവരെ നോട്ട്ചെയ്ത് അവരുടെ ഇസ്‌ലാഹിനുള്ള നടപടിക ൾക്ക് ശ്രദ്ധിക്കേണ്ടതുമെല്ലാം അമീർ/സദ്ർന്റെ കടമകളിൽ പെട്ട താണ്. കൂടാതെ ബന്ധപ്പെട്ട ഭാരവാഹികളിൽ നിന്ന് ഇക്കാര്യ ങ്ങളിൽ സഹകരണം തേടേണ്ടതും അനിവാര്യമാണ്.

ഇക്കാര്യത്തിൽ താഴെ ചേർക്കുന്ന ചട്ടങ്ങൾ ശ്രദ്ധിക്കേണ്ട താണ്.

**1.ചട്ടം നമ്പർ 366.**

അമീർ അല്ലെങ്കിൽ സദ്ർ : ഖിലാഫത്തിന്റെ പ്രതിനിധി എന്ന നിലക്ക് തന്റെ വൃത്തത്തിലുള്ള അഹ്മദികളുടെ ആധ്യാത്മിക പരവും ധാർമികപരവും കർമപരവും പ്രബോധനപരവും സാമ്പ ത്തികപരവും സാംസ്ക്കാരികപരവും ശാരീരികപരവുമായ അഭിവൃദ്ധിക്കുവേണ്ടി കഴിവിന്റെ പരമാവധി പരിശ്രമിച്ചുകൊ

ണ്ടിരിക്കേണ്ടതും ജമാഅത്തിന്റെ നിലനില്പിനും സുദൃഢതക്കും പുരോഗതിക്കുമുള്ള പദ്ധതികളാലോചിച്ച് അത് നടപ്പിൽ വരുത്തേണ്ടതും തദ്ദേശ അമീർ/സദ്റിന്റെ നിർബന്ധകടമയാണ്.

**2.ചട്ടം നമ്പർ 367.**

അമീർമാർ(അഥവാ സദ്ർമാർ) തദ്ദേശ ജമാഅത്തിൽ അന്തിമമായ ഉത്തരവാദിത്തം വഹിക്കുന്ന പ്രവർത്തകന്മാർ ആയിരിക്കുകയാൽ അവർ തങ്ങളുടെ വൃത്തങ്ങളിൽ മാതൃകകളായിരിക്കുവാൻ ശ്രമിക്കേണ്ടത് അനിവാര്യമാണ്. അദ്ദേഹത്തോടുള്ള അനുസരണം ജനഹൃദയങ്ങളിൽ സ്നേഹാദരങ്ങളോടു കൂടി സ്വയം ഉണ്ടാകത്തക്ക വിധത്തിൽ അനുതാപപൂർവം വാത്സല്യപൂർണവും നീതി നിഷ്ഠവും ആയ പെരുമാറ്റം അദ്ദേഹം കാഴ്ച വെക്കേണ്ടതാണ്. കക്ഷിവഴക്കുണ്ടാകുമ്പോൾ അദ്ദേഹം ഏതെങ്കിലും ഒരു കക്ഷിയുടെ പക്ഷക്കാരനായി തോന്നാൻ പാടുള്ളതല്ല.

**3.ചട്ടം നമ്പർ 368.**

സുപ്രധാനമായ എല്ലാ കാര്യങ്ങളിലും ജമാഅത്തംഗങ്ങളുടെ അഭിപ്രായമാരായേണ്ടത് തദ്ദേശ അമീറിന് നിർബന്ധമായിരിക്കും. സാധാരണ ഗതിയിൽ ഭൂരിപക്ഷാഭിപ്രായത്തെ അദ്ദേഹം മാനിക്കേണ്ടതാകുന്നു. നിസ്സാരമായ അഭിപ്രായ വ്യത്യാസങ്ങൾ കാരണം ഭൂരിപക്ഷാഭിപ്രായത്തെ മറികടന്ന് അമീർ തീരുമാനമെടുക്കാൻ പാടില്ലാത്തതാകുന്നു. മാത്രമല്ല അമീർ/സദ്ർ കൂടിയാലോചനാവേളകളിൽ തീരുമാനങ്ങൾ ഐക്യകണ്ഠേന ആകും വിധം നടപടികൾ കൊണ്ടുപോകേണ്ടതാണ്.

**<u>അമീറിന്റേയും സദ്റിന്റേയും</u>**

**<u>സ്ഥാനത്തെക്കുറിച്ചുള്ള വിശദീകരണം :</u>**

**4.ചട്ടം നമ്പർ 369.**

തദ്ദേശ അമീറിന്റേയും സദ്റിന്റേയും അധികാരങ്ങളിലുള്ള ഒരു വ്യത്യാസം, അമീർ എല്ലാ സാഹചര്യത്തിലും പ്രാദേശിക ജമാഅത്തിന്റെ തീരുമാനങ്ങൾ പാലിക്കാൻ നിർബന്ധിതനല്ല എന്നുള്ളതാണ്. അതായത് പ്രത്യേക സാഹചര്യങ്ങളിൽ പ്ര

സ്ഥാനത്തിന്റെ നന്മക്ക് വേണ്ടി തന്റെ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് തദ്ദേശ അഞ്ചുമന്റെ തീരുമാനങ്ങളെ റദ്ദ് ചെയ്യുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ സദ്ർ എല്ലാ സാഹചര്യങ്ങളിലും തദ്ദേശ അഞ്ചുമന്റെ തീരുമാനങ്ങൾ പാലിക്കാൻ നിർബന്ധിതനായിരിക്കും. എന്നാൽ അമീറും സദ്റും ഇരുവരും കേന്ദ്ര ഓഫീസർമാരുടെ നിർദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരായിരിക്കും.

**5.ചട്ടം നമ്പർ 370.**

ഒരുവിധ അച്ചടക്ക നടപടിയും കൈകൊള്ളുവാനുള്ള അധികാരം പ്രവർത്തക സമിതിക്ക് ഉണ്ടായിരിക്കുന്നതല്ല. എന്നാൽ, ഏതെങ്കിലും ഒരു ജമാഅത്ത് മെമ്പർ, ജമാഅത്ത് വ്യവസ്ഥിതിക്ക് വിരുദ്ധമായ പ്രവർത്തനത്തിന് ഇരയാവുകയാണെങ്കിൽ, മജ്ലിസെ ആമിലക്ക് ആ വ്യക്തിയെ നന്നാക്കിയെടുക്കാനുള്ള നടപടി സ്വീകരിക്കാൻ അധികാരമുണ്ടായിരിക്കും. ഇസ്ലാഹീ നടപടിയിൽ വിജയമുണ്ടാകുന്നില്ലെങ്കിൽ കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മജ്ലിസെ ആമിലക്ക് വിധി പുറപ്പെടുവിക്കുക എന്ന നിലയിൽ ഒരു തീരുമാനമെടുക്കാൻ അധികാരമുണ്ടായിരിക്കുകയില്ല.

**6.ചട്ടം നമ്പർ 303**

കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും നാസിർ പര്യടനത്തിനോ മറ്റോ ഏതെങ്കിലും സ്ഥലത്ത് എത്തിയാൽ ഖലീഫത്തുൽ മസീഹിന്റെ പ്രതിനിധി എന്ന നിലയിൽ ഉചിതമായ ആദരവോടുകൂടി അദ്ദേഹത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടത് ഓരോ തദ്ദേശ ജമാഅത്തിന്റേയും നിർബന്ധചുമതലയാകുന്നു.

**7.ചട്ടം നമ്പർ 305.**

ഏതെങ്കിലും ജമാഅത്തിൽ ഏതെങ്കിലും വകുപ്പിന് ഭാരവാഹിയെ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ പ്രസ്തുത വകുപ്പിന്റെ ചുമതല അമീർ/സദ്റിനായിരിക്കും.

# ഭാരവാഹികളുടെ കർത്തവ്യങ്ങളെ സംബന്ധിച്ച വിവിധ കാര്യങ്ങൾ

**നാഇബ് അമീർ/നാഇബ് സദ്ർ :**

അമീർ/സദ്റിന്റെ അസാന്നിധ്യത്തിൽ പൂർണ ഉത്തരവാദിത്വത്തോടുകൂടി എല്ലാ കാര്യങ്ങളും നിർവഹിക്കപ്പെടാൻ അമീറിന്റേയും സദ്റിന്റേയും സകലകാര്യങ്ങളും സുഗമമാക്കുന്നതിനു വേണ്ടിയുള്ള സഹായിയായിരിക്കും.

**ജനറൽ സെക്രട്ടറി :**

നാഇബ് അമീറോ നാഇബ് സദ്റോ ഇല്ലാത്ത വലിയ ജമാഅത്തുകളിൽ ജനറൽസെക്രട്ടറിയുടെ തസ്തിക ആകാവുന്നതാണ്. അവരുടെ ജോലിയും എല്ലാ കാര്യങ്ങളിലും അമീറിനെ/സദ്റിനെ സഹായിക്കുകയാണ്. അവരുടെ വ്യക്തിപരമായ ഉത്തരവാദിത്തം ഈ പരിധിവരെ മാത്രമായിരിക്കും. അല്ലെങ്കിൽ മറ്റു സെക്രട്ടറിമാരുടെ സാന്നിധ്യത്തിൽ  ജനറൽ സെക്രട്ടറിയുടെ യാതൊരു ആവശ്യവുമില്ല.

**സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്:**

നസാറത്ത് ഇസ്‌ലാഹ് വ ഇർശാദിന്റേയും വഖ്ഫെ ജദീദിന്റെ നസാമത്തെ ഇർശാദിന്റേയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ : വിശുദ്ധ ഖുർആൻ, ഹദീസ്, ഹദ്റത്ത് മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾ/ മൽഫൂസാത്ത് ദർസ് ജമാഅത്തിൽ നടത്താൻ സംവിധാനമുണ്ടാക്കുക. തർബിയത്ത് യോഗങ്ങൾ സംഘടിപ്പിക്കുക. (ഓരോ  മാസവും ഒരു തർബിയത്ത് യോഗം നടത്താൻ ശ്രമിക്കേണ്ടതാണ്.) നമസ്കരിക്കാനും നോമ്പെടുക്കാനും ഉപദേശിക്കുക. അനാചാരങ്ങൾ അകറ്റാൻ പരിശ്രമിക്കുക. അഭിപ്രായഭിന്നതയുള്ള വിഷയങ്ങളെയും കർമപരമായ സംഗതികളേയും  കുറിച്ച് ജമാഅത്തിനെ  പഠിപ്പിക്കുക. ശരിയായ വിശ്വാസാദർശങ്ങൾക്ക് മാർഗദർശനം നൽകുക. ജമാഅത്തുകളിൽ ഡിഷ് ആന്റിന സ്ഥാപിക്കുക. ജമാഅത്ത് അംഗങ്ങളും അനഹ്മദീ അതിഥി

കളും എം.ടി.എയിലെ പരിപാടികളും ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളും പ്രയോജനപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക. അഹ്മദികൾ പരസ്പരമുള്ള വഴക്കുകൾ/ദമ്പതികൾ തമ്മിലുള്ള കലഹങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇസ്‌ലാഹി കമ്മിറ്റിയുടെ സഹായത്തോടെ ശ്രമിക്കുക. വിവാഹബന്ധങ്ങളുടെ കാര്യങ്ങളിൽ മാർഗനിർദ്ദേശം നല്കുക. അന്യരിൽ നിന്ന് വിവാഹം കഴിക്കുന്നത് തടയുകയും അതിന്റെ യുക്തിയെക്കുറിച്ച് അംഗങ്ങളെ ബോധ്യപ്പെടുത്തുകയും ഈ കല്പന ലംഘിക്കുന്നവരുടെ പ്രശ്നം മജ്‌ലിസ് ആമിലയിൽ അവതരിപ്പിക്കുകയും ചെയ്യുക. അതുപോലെ തന്നെ എല്ലാ ജമാഅത്തംഗങ്ങളുടേയും തർബിയത്തിനും സംസ്കരണത്തിനുമുള്ള മാർഗങ്ങൾ അവലംബിക്കുക തുടങ്ങിയവയെല്ലാം സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദിന്റെ ഉത്തരവാദിത്വമാണ്.

സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദിനെ ഇസ്‌ലാഹി കമ്മിറ്റിയുടെ സദ്ർ ആക്കിയിരിക്കുന്നു. വ്യക്തിപരമായ പരിശ്രമം കൊണ്ട് പരിഹരിക്കാൻ കഴിയാത്ത സംഗതികൾ അമീർ/സദ്റിനോട് അഭിപ്രായം തേടി ഇസ്‌ലാഹി കമ്മിറ്റിയിൽ വച്ച് പരിഹരിക്കാൻ ശ്രമിക്കേണ്ടത് സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദിന്റെ ചുമതലയാണ്.

***(നോട്ട് : ഹുസൂർ തിരുമനസ്സ് ഇന്ത്യയിൽ അമീർ/സദ്റിനെ ഇസ്‌ലാഹീ കമ്മിറ്റി സദ്ർ ആയി നിശ്ചയിച്ചിരിക്കുന്നു.)***

**ഇസ്‌ലാഹ് വ ഇർശാദ് സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു :** ഇസ്‌ലാഹ് വ ഇർശാദ്/തർബിയ്യത്ത് സെക്രട്ടറിയേയും ഊർജസ്വലമാക്കേണ്ടത് അനിവാര്യമാണ്. ഇസ്‌ലാഹ് വ ഇർശാദ്/തർബിയ്യത്ത് സെക്രട്ടറിമാർ (ചില സ്ഥലത്ത് അങ്ങനേയും പറയാറുണ്ട്) കൃത്യമായ പ്രോഗ്രാം തയ്യാറാക്കി ഏറ്റവും താഴ്ന്ന പടി മുതൽ കേന്ദ്രതലം വരെ ശരിയായ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഉമൂർ ആമയുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്, തഅ്ലീമിന്റെ

പ്രശ്നങ്ങളും വലിയൊരു പരിധിവരെ കുറയുന്നതാണ്, വൈവാഹിക പ്രശ്നങ്ങളും വലിയൊരു പരിധിവരെ കുറയുന്നതാണ്. ഈ വകുപ്പുകൾ പരസ്പരം എത്രമാത്രം ഇഴകിച്ചേർന്നിരിക്കുന്നുവെന്നാൽ തർബിയ്യത്ത് വകുപ്പ് ഊർജസ്വലമായാൽ ഒരുപാട് ഇതര വകുപ്പുകളും സ്വയമേവ ഊർജിതമാകുകയും ജമാഅത്തിന്റെ പൊതുവായ ആത്മീയ നിലവാരം ഉയരുകയും ചെയ്യുന്നതാണ്. (ജുമുഅ ഖുത്ബ 2003 ഡിസംബർ 5)

**അഡീക്ഷണൽ സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ് :**

നവഅഹ്മദികളുടെ തർബിയത്ത് കാര്യത്തിൽ നസാറത്ത് ഇസ്‌ലാഹ് വ ഇർശാദിന്റേയും നസാമത്ത് ഇർശാദ് വഖ്ഫെ ജദീദിന്റെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നവഅഹ്മദി കളുടെ ഇസ്‌ലാഹിനും(സംസ്കരണം) തർബിയത്തിനും ശ്രദ്ധിക്കുകയും അവരെ കൃത്യമായി ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെടുത്തി സാമ്പത്തികവ്യവസ്ഥിതിയിൽ ഭാഗഭാക്കാക്കുകയും ചെയ്യുക.

**സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി :**

നസാറത്ത് തഅ്ലീമുൽ ഖുർആന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എത്രപേർക്ക് ഖുർആൻ ഓതാനറിയാം എത്രപേർക്ക് തർജ്ജമ അറിയാം തുടങ്ങിയ കാര്യങ്ങളുടെ റെക്കോർഡ് തയ്യാറാക്കുക. ഖുർആൻ ഓതാനറിയാത്തവരെ പഠിപ്പിക്കാനും തർജ്ജമ അറിയാത്തവരെ തർജ്ജമ പഠിപ്പിക്കാനും സംവിധാനമുണ്ടാക്കുക. ഈ പ്രവർത്തനങ്ങൾക്കായും ദീനീവിജ്ഞാനം പഠിപ്പിക്കാനും വഖ്ഫെ ആർസി (താൽക്കാലിക വഖ്ഫ്) ചെയ്യാൻ ജമാഅത്തംഗങ്ങളെ പ്രേരിപ്പിക്കുക, അങ്ങനെ വഖ്ഫെ ആർസി ചെയ്യുന്നവർ മുഖേന ദീനീ വിദ്യാഭ്യാസവും വിശുദ്ധ ഖുർആൻ പഠനവും നടന്നുകൊണ്ടിരിക്കണം.

ഇപ്രകാരം തന്നെ നസാറത്ത് തഅ്ലീമുൽ ഖുർആൻ ആരംഭിച്ചിട്ടുള്ള തർജമത്തുൽ ഖുർആൻ പോസ്റ്റൽ കോഴ്സിൽ കൂടുതൽ കൂടുതൽ ജമാഅത്തംഗങ്ങളെ ഭാഗഭാക്കാക്കുക.

ഫദ്‌ലെ ഉമർ തഅ്ലീമുൽ ഖുർആൻ ക്ലാസിൽ കൂടുതൽ കൂടുതൽ ജമാഅത്തംഗങ്ങളെ പങ്കെടുപ്പിക്കാൻ സംവിധാനം ചെയ്യുക.

**സെക്രട്ടറി ദഅ്‌വത്തെ ഇലല്ലാഹ് :**

നസാറത്ത് ദഅ്‌വത്തെ ഇലല്ലായുടെ നിർദ്ദേശങ്ങളനുസരിച്ച് കൂടുതൽ കൂടുതൽ ജമാഅത്തംഗങ്ങളെ ദാഇലല്ലാഹ് ആക്കുക. നസാറത്ത് ദഅ്‌വത്തെ ഇലല്ലായുടെ മുബല്ലിഗുമാരുമായി സഹകരിച്ചുകൊണ്ട്, അവരുമായി ചേർന്ന് ദാഇയാനെ ഇലല്ലായ്ക്ക് ശിക്ഷണവും മാർഗദർശനവും നല്കുക. ഇതിനായി ദാഇയാനെ ഇലല്ലായുടെ ക്ലാസ്സുകൾ (വർക്ക്ഷോപ്പ്) നടത്തുക. പുതിയ ബയ്അത്തുകളോടൊപ്പം നഷ്ടപ്പെട്ടുപോയ ബയ്അത്തുകളെ (ബയ്അത്ത് ചെയ്ത ശേഷം ജമാഅത്തുമായി ബന്ധപ്പെടാതെ നിൽക്കുന്നവരെ) കണ്ടെത്തി റാബ്ത്വയെ ബയ്അത്ത് (ബയ്അത്ത് കോൺടാക്റ്റ്) പദ്ധതി ത്വരിതപ്പെടുത്തുക. വിവാദങ്ങളുടെയും വാദപ്രതിവാദങ്ങളുടെയും സാഹചര്യം ഉണ്ടാകുമ്പോൾ അല്ലെങ്കിൽ, എതിരാളികളുടെ പ്രസിദ്ധീകരണങ്ങൾ മുമ്പിൽ വരുമ്പോൾ നസാറത്ത് ദഅ്‌വത്തെ ഇലല്ലാഹിൽനിന്ന് മാർഗനിർദ്ദേശങ്ങൾ കരസ്ഥമാക്കി പ്രവർത്തിക്കുക. ആവശ്യാനുസരണം തബ്‌ലീഗ് യോഗങ്ങൾ സംഘടിപ്പിക്കുക.

**ദഅ്‌വത്തെ ഇലല്ലാഹ്‌ലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:**

ദഅ്‌വത്തെ ഇലല്ലാഹ്‌യുടെ പ്രവർത്തനം സ്ഥായിയായ ഒരു പ്രവർത്തനമാണ്. സ്ഥിരചിത്തയോടെ തുടരേണ്ട ജോലിയാണ്. ഒരു കോൺടാക്റ്റ് അല്ലെങ്കിൽ വർഷാവസാനം രണ്ട് മാസം തങ്ങളുടെ ടാർഗറ്റ് പൂർത്തിയാക്കാൻ വഖ്ഫ് ചെയ്താൽ പോര. മറിച്ച് വർഷം മുഴുവൻ ഈ ജോലിയിൽ മുഴുകേണ്ടതാണ്. നിങ്ങളെ ആരെ തിരഞ്ഞെടുക്കുകയാണെങ്കിലും അയാളുടെ സ്വഭാവം മനസ്സിലാക്കാനും കഴിയുന്നതാണ്. നിങ്ങളുടെ കോൺടാക്റ്റിൽ ഉള്ളവർ ആരാണെങ്കിലും അയാളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുക. അവസാനം അയാൾ കഠിനഹൃദയനും ഒരു

മഴത്തുള്ളിയും ആ മണ്ണിൽ പ്രയോജനം ചെയ്യുകയില്ലെന്നും ഒരു നന്മയും അയാളെ സ്വാധീനിക്കുകയില്ലെന്നും കണ്ടാൽ അയാളെ ഒഴിവാക്കുക. പക്ഷേ നിങ്ങളിൽ നിന്ന് പ്രയോജനമെടുക്കാൻ ശ്രമിക്കുന്ന ആളുകളും ഒരുപാടുണ്ട്. അതിനാൽ ഈ ജോലി അഭംഗുരം തുടരേണ്ടതാണ്. വർഷാവസാനം ജോലി ചെയ്യാമെന്ന് കരുതി ഉറങ്ങരുത്. (ജുമുഅ ഖുത്ബ 2004 ജൂൺ 4)

**സെക്രട്ടറി ഉമൂറെ ആമ :**

സെക്രട്ടറി ഉമൂറെ ആമയുടെ ചുമതലയിൽ ജമാഅത്തിന്റെ അകത്തുള്ള കാര്യങ്ങളാണ് വരുന്നത്. അത് അദ്ദേഹം നസാറത്തെ ഉമൂറെ ആമയുടെ നിർദ്ദേശങ്ങളനുസരിച്ച് ചെയ്യേണ്ടതാണ്. ഉദാ: തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ സംഘടിപ്പിച്ചു കൊടുക്കുക, സൃഷ്ടിസേവനം ചെയ്യുക, പരോപകാരപ്രവർത്തനങ്ങൾ നടത്തുക, ദുരിതാശ്വാസവസ്തുക്കൾ വിതരണം ചെയ്യുക, അച്ചടക്കവും സംയമനവും നിലനിറുത്തുക.

ജമാഅത്തിന്റെ സ്വത്തുക്കൾ സംരക്ഷിക്കാൻ ശ്രദ്ധിക്കുക. പ്രശ്നങ്ങൾ കോടതിയിൽ എത്തുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ പരസ്പരവഴക്കുകൾ മനസിലാക്കികൊടുത്തുകൊണ്ടോ അല്ലെങ്കിൽ ഇസ്‌ലാഹി കമ്മിറ്റി മുഖേനയോ ദൂരീകരിക്കാൻ ശ്രമിക്കുക. അനുവാദം കൂടാതെ കോടതികളിൽ പോകുന്നവരെ സംബന്ധിച്ച് കൃത്യസമയത്ത് തന്നെ ഉമൂറെ ആമയിൽ അറിയിക്കുക. ദാറുൽ ഖളായുടെ വിധികൾ നസാറത്ത് ഉമൂറെ ആമയുടെ നിർദ്ദേശമനുസരിച്ച് യഥാസമയം നടപ്പിലാക്കുക. തദ്ദേശതലത്തിലും ജില്ലാതലത്തിലുമുള്ള സർക്കാരുദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ജമാഅത്തംഗങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷിക്കുന്നതിന് ഏർപ്പാട് ചെയ്യുക, പ്രസ് ആന്റ് പബ്ലിസിറ്റിയുടെ എല്ലാ മാർഗങ്ങളെയും ജമാഅത്തിന്റെ ഗുണത്തിനായി പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

**ഉമൂർ ആമ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു :**

പരസ്പരമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുകയും തെറ്റായ കാര്യങ്ങൾ കാണുമ്പോൾ കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും മാത്രമല്ല ഉമൂർ ആമ സെക്രട്ടറിയുടെ ജോലി. തന്റെ ജമാഅത്തിലെ തൊഴിലില്ലാത്ത ആളുകൾക്ക് ആയത് സംഘടിപ്പിച്ചു കൊടുക്കുക, അതിനു വേണ്ടിയുള്ള അന്വേഷണത്തിൽ സഹായിക്കുക, ഖിദ്മത്തെ ഖൽഖ് പ്രവർത്തനങ്ങൾ ചെയ്യുക തുടങ്ങിയവയും അദ്ദേഹത്തിന്റെ ജോലിയാണ്. അത്തരം ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുക. അവരുടെ കഴിവുകൾ കണ്ടെത്തി എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്ത് ചെറിയ കച്ചവടങ്ങൾ തുടങ്ങാവുന്നതാണ്. അവർക്ക് കഴിവുണ്ടെങ്കിൽ കച്ചവടം നന്നാകുന്നതും പതിയെപ്പതിയെ നല്ല കച്ചവടമായി മാറുന്നതുമാണ്. ഞാൻ പല ആളുകളേയും സൈക്കിളിൽ ചുറ്റിനടന്ന് അല്ലെങ്കിൽ ഏതെങ്കിലും കടത്തിണ്ണയിൽ ഇരുന്ന്, ചെറിയ കുട്ടവെച്ചോ കുറച്ച് തുണിറോളുകൾ വെച്ചോ വിറ്റിരുന്നവർ ഇപ്പോൾ കടകളുടെ ഉടമസ്ഥരായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ധൈര്യം പകരേണ്ടതും ഇത്തരം ആളുകളെ ഏതെങ്കിലും ജോലിയിൽ ഏർപ്പെടാൻ പ്രേരിപ്പിക്കേണ്ടതും ജമാഅത്തീ സംവിധാനം/ഈ ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ട ഭാരവാഹി അതായത് സെക്രട്ടറി ഉമൂർ ആമയുടെ കടമയാണ്. (ജുമുഅ ഖുത്ബ 2003 ഡിസംബർ 5)

**സെക്രട്ടറി ഉമൂറെ ഖാരിജ :**

നസാറത്ത് ഉമൂറെ ഖാരിജയുടെ നിർദ്ദേശങ്ങളനുസരിച്ച് അന്യരുമായി ബന്ധപ്പെട്ട ജമാഅത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക. ഇതിനുവേണ്ടി സംസ്ഥാന/ ദേശീയതലത്തിൽ സർക്കാരുദ്യോഗസ്ഥരുമായി ബന്ധപ്പെടുക. ഉദാ: സംസ്ഥാന അസംബ്ലി മെമ്പർമാർ(എം.എൽ.എ), പാർലിമെന്റംഗങ്ങൾ (എം.പി) മറ്റു രാഷ്ട്രീയനേതാക്കൾ എന്നിവരുമായി ബന്ധം സ്ഥാപിക്കുകയും അവരെ ജമാഅത്തിന്റെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

സർക്കാർ തിരഞ്ഞെടുപ്പ് വേളയിൽ നസാറത്ത് ഉമൂറെ ആമ

യുടേയും നസാറത്തെ ഉമൂറെ ഖാരിജയുടേയും നിർദ്ദേശങ്ങ ളനുസരിച്ച് ഉമൂറെ ആമ സെക്രട്ടറിയുമായി ചേർന്ന് ജമാഅ ത്തിന്റെ പ്രയോജനം മുൻനിർത്തി പ്രവർത്തിക്കുക. ജമാഅ ത്തി ന് എതിർപ്പ് അഭിമുഖീകരിക്കേണ്ടി വരുന്ന സന്ദർഭത്തിൽ സെക്ര ട്ടറി ഉമൂറെ ആമയും സെക്രട്ടറി ഉമൂറെ ഖാരിജയും ഒന്നിച്ച് പ്രവ ർത്തിക്കേണ്ടതാണ്. ജമാഅത്തിന്റെ ഗുണത്തിന് നിയമപരമായ പരിരക്ഷക്കു വേണ്ടി കോടതിയിൽ പോകേണ്ടത് അനിവാര്യ മാണെങ്കിൽ (കേന്ദ്ര)നിയമോപദേഷ്ടാവിന്റേയും നസാറത്ത് ഉമൂറെ ഖാരിജയുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമനു സരിച്ച് പ്രവർത്തിക്കേണ്ടതാണ്.

**സെക്രട്ടറി തഅ്ലീം :**

നസാറത്തെ തഅ്ലീമിന്റെ നിർദ്ദേശമനുസരിച്ച് ജമാഅത്തി ലെ യുവതീയുവാക്കളുടെ അത്മീയവും ഭൗതികവുമായ ശിക്ഷ ണത്തെക്കുറിച്ച് വിലയിരുത്തുകയും, അവർക്ക് ഉചിതമായ മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. ജമാഅത്തിലെ സമർ ഥരായ കുട്ടികൾ സാമ്പത്തിക പ്രയാസം കാരണം വിദ്യാഭ്യാ സത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നുവെങ്കിൽ കേന്ദ്രവുമായി ബ ന്ധപ്പെട്ട്, അവർക്ക് കേന്ദ്രത്തിൽ നിന്ന് വിദ്യാഭ്യാസസഹായ ത്തിനും മറ്റും ശ്രമിക്കുക. കേന്ദ്രം നടത്തുന്ന ദീനിസിലബസിന്റെ പരീക്ഷകളിൽ കൂടുതൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുക.

**തഅ്ലീം സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു :**

പൊതുവിൽ ജമാഅത്തുകളിലെ സെക്രട്ടറി തഅ്ലീം അവ രിൽ നിന്ന് അല്ലെങ്കിൽ ഏതെങ്കിലും ഭാരവാഹിയിൽ നിന്ന് പ്രതീ ക്ഷിക്കപ്പെടുന്നത്രയും ഊർജസ്വലരല്ല. ഞാൻ വെറുതെ അനു മാനിച്ച് പറയുകയല്ല, ഓരോ ജമാഅത്തും തന്താങ്ങളെക്കുറിച്ച് വിലയിരുത്തിയാൽ ചില സെക്രട്ടറിമാർ വർഷം മുഴുവനും ഒരു ജോലിയും ചെയ്യുന്നില്ലെന്ന് മനസ്സിലാകുന്നതാണ്. ഉദാഹരണ ത്തിന് തഅ്ലീം സെക്രട്ടറിയെ നോക്കുക, സെക്രട്ടറി തഅ്ലീം,

തന്റെ ജമാഅത്തിലെ വിദ്യ അഭ്യസിക്കുന്ന കുട്ടികളുടേയും സ്കൂളിൽ പോകേണ്ട പ്രായമായിട്ടും സ്കൂളിൽ പോകാത്ത കുട്ടികളുടേയും ലിസ്റ്റ് ഉണ്ടാക്കണം. പിന്നെ സ്കൂളിൽ പോ കാത്തതിന് കാരണമെന്താണ്, സാമ്പത്തിക പ്രയാസമാണോ, അമാന്തമാണോ എന്ന് മനസ്സിലാക്കണം. ഇങ്ങനെ സമയം നഷ്ടപ്പെടുത്തരുതെന്ന് അവരെ ബോധവൽക്കരിക്കണം. ഉദാഹരണത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഓരോ കുട്ടിയും തീർച്ചയായും മെട്രിക് പാസാകണമെന്ന നിബന്ധന വെച്ചിരുന്നു. ഇപ്പോഴാകട്ടെ നിലവാരം ഉയർന്നിരിക്കുന്നു, ഓരോ അഹ്മദി കുട്ടിയും എഫ്.എ വരെ തീർച്ചയായും പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. (ജുമുഅ ഖുത്ബ 2003 ഡിസംബർ 5)

**സെക്രട്ടറി മാൽ :**

തദ്ദേശജമാഅത്തിന്റെ നിർബന്ധചന്ദകളുടെ (ഹിസ്സ ആമദ്, ചന്ദ ആം, ചന്ദ ജൽസ സാലാന) ബഡ്ജറ്റ് നസാറത്ത് ബയ്ത്തുൽ മാൽ ആമദിന്റെ നിർദ്ദേശങ്ങൾ പ്രകാരം യഥാസമയം തയ്യാറാക്കി കേന്ദ്രത്തിലേക്കയക്കുക. ഈ ബഡ്ജറ്റിന്റെ ഒരു കോപ്പി തദ്ദേശജമാഅത്തിൽ സൂക്ഷിക്കുക. വരുമാനമുള്ള എല്ലാ അഹ്മദീ സ്ത്രീപുരുഷന്മാരിൽ നിന്നും അവരുടെ മൊത്തവരുമാനവും തോതുമനുസരിച്ച് നിർബന്ധചന്ദകൾ പിരിക്കുക. സക്കാത്ത് കൊടുക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്ന് ആയത് പിരിക്കുവാനുള്ള ഏർപ്പാട് ചെയ്യുക.

മുഹസ്സിലീനെ(ചന്ദ പിരിക്കുന്നവർ) നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവർക്ക് രസീതുബുക്ക് കൊടുക്കുക, യഥാസമയം അവരിൽ നിന്ന് രസീത് ബുക്കും പൈസയും വാങ്ങുക. ചന്ദകളെ സംബന്ധിച്ച് നസാറത്ത് ബയ്ത്തുൽ മാൽ ആമദിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ ജമാഅത്തംഗങ്ങളെ അറിയിക്കാനും അത് നടപ്പിൽ വരുത്താനും ശ്രമിക്കുക.

ധനകാര്യവകുപ്പ് സംബന്ധമായി കേന്ദ്രത്തിലേക്ക് നിയമാവലിപ്രകാരം കത്തിടപാടുകൾ നടത്തുക. കേന്ദ്രം ആവശ്യ

പ്പെടുന്ന വിവരങ്ങളും പട്ടികകളും സംഘടിപ്പിച്ചുകൊടുക്കുക. നിർബന്ധചന്ദകൾ പിരിക്കുന്നതിനു പുറമെ ജമാഅത്തിന്റെ ചന്ദകൾ പിരിക്കുന്നതിന്റെയും കണക്കുകൾ വെക്കുക. തദ്ദേശ ജമാഅത്തിന്റെ വരവു ചെലവുകളുടെ ബഡ്ജറ്റ് തയ്യാറാക്കി മജ്ലിസെ ആമിലയിൽ അവതരിപ്പിക്കുക. ഇവയ്ക്കു പുറമെ എല്ലാത്തരം ധനപരമായ കാര്യങ്ങളും ബന്ധം സെക്രട്ടറി മാലുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**നാഇബ് സെക്രട്ടറി മാൽ :**

സെക്രട്ടറി മാലിൽ നിന്ന് കുടിശ്ശികയുള്ളവരെ സംബന്ധിച്ചുള്ള വിവരങ്ങൾ വാങ്ങി അവരുമായി ബന്ധപ്പെടുക. അവരോട് കുടിശ്ശിക അടയ്ക്കാൻ പറയുക. ചന്ദ കൊടുക്കാത്തവരുമായി ബന്ധപ്പെട്ട് അവരെ ചന്ദ കൊടുക്കുന്നവരാക്കുക.

നവ അഹ്മദികളെ ചന്ദയിൽ ഭാഗഭാക്കാക്കുക. ജമാഅത്തീ വ്യവസ്ഥിതിയുടെ സ്ഥായിയായ ഉറച്ച ഘടകമായിത്തീരാൻ അവർക്ക് ശിക്ഷണം നല്കുക.

**സെക്രട്ടറി വസായ :**

വസിയത്ത് വ്യവസ്ഥിയിൽ പങ്കെടുക്കാനുള്ള സായിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്യുടെ ആഹ്വാനത്തെ പരിഗണിക്കുമ്പോൾ ഈ തസ്തികയുടെ പ്രാധാന്യം ഇപ്പോൾ നേരത്തേതിനേക്കാളും എത്രയോ വർദ്ധിച്ചിരിക്കുന്നു. ഈ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ മൂസിയായിരിക്കേണ്ടത് നിർബന്ധമാണ്. വസിയത്ത് വ്യവസ്ഥിതിയുടെ ബന്ധം, അനിതരസാധാരണമായ ധനത്യാഗവുമായിട്ടാണ്. ഹുസൂർ തിരുമനസ്സിന്റെ ആഹ്വാനവും അഭിലാഷവും മുൻനിർത്തി ജമാഅത്തിലെ അമ്പത് ശതമാനം ആളുകളെങ്കിലും പരിശുദ്ധ വസിയത്ത് വ്യവസ്ഥിതിയിൽ ഭാഗഭാക്കാക്കാൻ ശ്രമിക്കുക. ബിഹിശ്തി മഖ്ബറ ഓഫീസിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളേയും സർക്കുലറുകളേയും പ്രാവർത്തികമാക്കുക. ജമാഅത്തിലെ മൂസികളുടെ എല്ലാ കാര്യത്തിലും മാർഗദർശനം നൽകേണ്ടതും വസായാ സെക്രട്ടറിയുടെ ചുമതലയാണ്.

**സെക്രട്ടറി ഇശാഅത്ത് :**

നസാറത്ത് നശ്റോ ഇശാഅത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച്, അവരിൽ നിന്ന് മാർഗനിർദ്ദേശങ്ങൾ തേടി പ്രവർത്തിക്കുക. ജമാഅത്തിനു വേണ്ടി പുസ്തകങ്ങൾ സംഘടിപ്പിച്ചു കൊടുക്കുക, ജമാഅത്തീ പ്രസിദ്ധീകരണ പ്രവർത്തനങ്ങളിൽ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക.

**അഡീഷണൽ സെക്രട്ടറി ഇശാഅത്ത് (എം.ടി.എ) :**

ഈ സെക്രട്ടറിയും നസാറത്ത് നശ്റോ ഇശാഅത്തുമായി ബന്ധപ്പെടുകയും മാർഗനിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും വേണം.

**സെക്രട്ടറി ജാഇദാദ് :**

നിസാമത്തെ ജാഇദാദിന്റെ നിർദേശങ്ങളനുസരിച്ച് ജമാഅത്തിന്റെ സ്വത്തുവഹകളുടെ മേൽനോട്ടത്തിനും സംരക്ഷണത്തിനുമുള്ള സംവിധാനം ചെയ്യുക. എല്ലാത്തരം സ്ഥാവരജംഗമസ്വത്തുക്കളുടെയും രേഖകൾ ശരിയാക്കിയും പൂർണമാക്കിയും വെക്കുക. സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും പോക്കുവരവ് നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട പ്രമാണങ്ങൾ റെക്കോർഡ് ചെയ്യുന്നതിനു വേണ്ടി നിസാമത്തെ ജാഇദാദ് ഖാദിയാനിലേക്ക് അയക്കുക.

എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളുടേയും പട്ടികയും വിശദാംശങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി അതിന്റെ ഒരു കോപ്പി നിസാമത്തെ ജാഇദാദിലേക്ക് അയ്ക്കേണ്ടത് നിർബന്ധമാണ്.

**സെക്രട്ടറി സിയാഫത്ത് :**

ജമാഅത്തിൽ വരുന്ന അതിഥിയുടെ ആതിഥ്യത്തിനുള്ള അമീർ/സദ്ർന്റെ നിർദേശമനുസരിച്ച് ഏർപ്പാടുകൾ ചെയ്യുക. അവർക്ക് ഉചിതമായ വിധത്തിൽ താമസസൗകര്യം ഏർപ്പെടുത്തുക.

**സെക്രട്ടറി തഹ്‌രീക്കെ ജദീദ് :**

വക്കാലത്തെമാൽ തഹ്‌രീക്കെ ജദീദിന്റെ ഓഫീസിൽനിന്നുള്ള നിർദേശങ്ങൾ ജമാഅത്തംഗങ്ങളെ അറിയിച്ചുകൊണ്ട് തഹ്‌രീക്കെ ജദീദ് ചന്ദയുടെ പ്രാധാന്യത്തിലേക്ക് അവരുടെ ശ്രദ്ധക്ഷണിക്കുക. പുതുവർഷ പ്രഖ്യാപന വിളംബരത്തോടൊപ്പം തന്നെ വാഗ്ദാനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്രത്തിലേക്കയക്കുക. വാഗ്ദാനമനുസരിച്ച് ചന്ദ പിരിക്കുന്നതിനായി എല്ലാ വിധത്തിലും പരിശ്രമിക്കുക. വ്യക്തിഗത വാഗ്ദാനങ്ങളും അതനുസരിച്ചിട്ടുള്ള പിരിവിന്റെ കണക്കും തന്റെ കൈയിൽ സൂക്ഷിക്കേണ്ടത് തഹ്‌രീക്കെ ജദീദ സെക്രട്ടറിയുടെ ചുമതലയാണ്.

പിരിഞ്ഞുകിട്ടിയ തഹ്‌രീക്കെ ജദീദ് ചന്ദ മാൽ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്. അദ്ദേഹം ഡേ ബുക്കിൽ ആ പണം രേഖപ്പെടുത്തും. സെക്രട്ടറി മാൽതന്നെ എല്ലാ ചന്ദകളോടുമൊപ്പം ഈ പണവും ദഫ്ത്തർ മുഹാസിബ് ഖാദിയാൻ - ന് കൃത്യ സമയത്ത് അയച്ചുകൊടുക്കാൻ ബാധ്യസ്ഥനായിരിക്കും.

**സെക്രട്ടറി വഖ്ഫെ ജദീദ് :**

തഹ്‌രീക്കെ ജദീദ് സെക്രട്ടറിയുടേതു പോലെയുള്ള ഉത്തരവാദിത്വം തന്നെയാണ് സെക്രട്ടറി വഖ്ഫെ ജദീദിന്റെയും. നിസാമത്തെ മാൽ വഖ്ഫെ ജദീദിന്റെ നിർദേശങ്ങളനുസരിച്ചുതന്നെ സെക്രട്ടറി വഖ്ഫെ ജദീദ് പ്രവർത്തിക്കുന്നതാണ്.

**സെക്രട്ടറി വഖ്ഫെ നൗ :**

എല്ലാ വഖ്ഫെ നൗ അംഗങ്ങളുടേയും വ്യക്തിഗത റെക്കോർഡുകൾ സൂക്ഷിക്കുക. അവരുടെ ഫയലുകൾ പൂർത്തിയാക്കി വെക്കുക. നാസിർ സാഹിബ് തഅ്‌ലീമിന്റെയും വഖ്ഫെ നൗ ഓഫീസ് ഇൻചാർജ്ജ് സാഹിബിന്റേയും നിർദേശങ്ങളനുസരിച്ച് വഖ്ഫെ നൗ കുട്ടികളെ ജമാഅത്തിന്റെ ഏറ്റവും നല്ല മുതലെന്ന നിലയിൽ സംരക്ഷിക്കുക. അവർക്ക് കൃത്യമായി ക്ലാസ്സുകൾ സംഘടിപ്പിക്കുക. അവർക്ക് മാർഗനിർദേശം നല്കുക. അവരുടെ ഭാവിയെ സംബന്ധിച്ച് കാരിയർ പ്ലാനിംഗ് കമ്മിറ്റി

യിൽ കൃത്യസമയത്ത് അവരുടെ കാര്യങ്ങൾ അവതരിപ്പിക്കേണ്ടതും വഖ്ഫെ നൗ സെക്രട്ടറിയുടെ ചുമതലയാണ്.

**മുഹാസിബ് വ അമീൻ :**

ഈ രണ്ട് കടമയും സെക്രട്ടറി മാലാണ് നിർവ്വഹിച്ചുവരുന്നത്. സെക്രട്ടറി മാലിന്റെ ജോലി വിപുലപ്പെടുന്ന സാഹചര്യത്തിൽ മുഹാസിബ്  അമീൻ എന്നിവരെ നിയമിക്കാവുന്നതാണ്. അല്ലാത്തപക്ഷം ആവശ്യമില്ല. മുഹാസിബിന്റെ പ്രവർത്തി ജമാഅത്തിന്റെ കണക്കുകൾ സൂക്ഷിക്കുകയാണ്. വരവ് ചെലവ് കണക്കുകൾ വെവ്വേറെ ആയിരിക്കണം. സെക്രട്ടറി മാലിൽ നിന്ന് പണം വാങ്ങി സൂക്ഷിക്കുകയും പണമയക്കേണ്ട സമയത്ത് അത് സെക്രട്ടറിമാലിനെ ഏൽപ്പികുകയുമാണ് അമീനിന്റെ ജോലി.

**ഓഡിറ്റർ :**

സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നിയമാവലി അനുസരിച്ച് തദ്ദേശ ജമാഅത്തിന്റെ കണക്കുകൾ പരിശോധിക്കുക. തന്റെ റിപ്പോർട്ട് അവലോകന രജിസ്റ്ററിലോ, ഡേബുക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തുക. തെറ്റുകൾ കണ്ടെത്തിയാൽ അതു ശരിയാക്കുക. തദ്ദേശ ജമാഅത്തിന്റെ ത്രൈമാസ/വാർഷികഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി നസാറത്ത് ബയ്ത്തുൽമാൽ ആമദിന് അയക്കുക. ഈ റിപ്പോർട്ടിന്റെ കോപ്പി തദ്ദേശ അമീർ/സ്വദ്ർ ജമാഅത്തിന് കൊടുക്കുക. ഈ റിപ്പോർട്ട് മജ്ലിസെ ആമില യിൽ മാൽ സെക്രട്ടറിയാണ് അവതരിപ്പിക്കുക.

**മുഹ്സ്സിലീന്റെ കടമകൾ**

തന്റെ ഏരിയയിലെ ജമാഅത്തംഗങ്ങളുമായി പരിചയപ്പെടുക. അവരിൽ നിന്നും എല്ലാത്തരം ജമാഅത്ത് ചന്ദയും പിരിക്കുക. പിരിച്ചെടുക്കുന്ന ചന്ദയും  രസീത് ബുക്കും മാസത്തിൽ രണ്ടു തവണ മാൽ സെക്രട്ടറിയെ ഏൽപ്പിക്കുക.

# ജില്ലാ ഇമാറത്തുകളുടേയും പ്രവർത്തക സമിതിയുടേയും തിരഞ്ഞെടുപ്പ് ചട്ടങ്ങളും സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്‌യുടെ മാർഗദർശനങ്ങളും നിർദ്ദേശങ്ങളും

ഇന്ത്യയിൽ നേരത്തെ സൂബായി(സംസ്ഥാന) ഇമാറത്തുകളാണ് ഉണ്ടായിരുന്നത്. പിന്നീട് അത് മേഖലാ ഇമാറത്തുകളാക്കി മാറ്റുകയുണ്ടായി. 2013 മുതൽ ജില്ലാ ഇമാറത്തുകൾ സ്ഥാപിക്കാൻ **സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്** ഉത്തരവായിരിക്കുന്നു. അഞ്ചോ അതിലധികമോ ജമാഅത്തുകൾ ഉള്ള ജില്ലകളിൽ ജില്ലാ ഇമാറത്ത് വ്യവസ്ഥിതി സ്ഥാപിക്കാൻ അനുമതി തന്നിരിക്കുന്നു.

ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 109 ജില്ലാ ഇമാറത്തുകൾ സ്ഥാപിതമായിട്ടുണ്ട്.

ജില്ലാ ഇമാറത്തുകളുടെ തിരഞ്ഞെടുപ്പ്/നാമനിർദ്ദേശത്തേയും ജില്ലാ മജ്‌ലിസ് ആമിലയുടെ നാമനിർദ്ദേശത്തേയും സംബന്ധിച്ച ചട്ടങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

296. 294. ഒന്നിലധികം തദ്ദേശ അഞ്ചുമനുകൾ ചേർത്ത് ഹൽഖ(ഏരിയ)/ജില്ലാ/ഇലാഖ(ഒരു പ്രത്യേക തദ്ദേശ പരിധി)/ സംസ്ഥാന/രാജ്യ തലത്തിൽ അഞ്ചുമനുകൾ സ്ഥാപിക്കാവുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ എല്ലാ ഓരോ തദ്ദേശ സംവിധാനവും തൊട്ട് മേലെയുള്ള സംവിധാനത്തിന് വിധേയമായിരിക്കും. ഈ എല്ലാ സംവിധാനങ്ങളും കേന്ദ്രസംവിധാനത്തിനും കീഴിലായിരിക്കും.

298. മേഖലാതല ഇമാറത്തിന്റെ പരിധി സാഹചര്യങ്ങൾക്കനുസരിച്ച് നാസിർ അഅ്‌ലാ നിജപ്പെടുത്തുന്നതാണ്. അത്

ഏറ്റവും ചുരുങ്ങിയത് 5 തദ്ദേശ അഞ്ചുമനുകൾ ഉൾപ്പെട്ടതായിരിക്കും.

*നോട്ട് : മേൽ പ്രസ്താവിച്ചതു പോലെ, ഇന്ത്യയിൽ അഞ്ചോ അതിലധികമോ ജമാഅത്തുകൾ ഉള്ള ജില്ലകളിൽ ജില്ലാ ഇമാറത്ത് വ്യവസ്ഥിതി സ്ഥാപിക്കാൻ **സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്** അനുമതി തന്നിരിക്കുന്നു.*

**ജില്ലാ ഇമാറത്ത് തിരഞ്ഞെടുപ്പ് ചട്ടങ്ങൾ**

1. ജില്ലാ അമീറിന്റെ തിരഞ്ഞെടുപ്പ് ജില്ലയിലെ എല്ലാ ജമാഅത്തുകളുടേയും അമീർമാരും സദ്ർമാരും മുഖേനയായിരിക്കും. പ്രസ്തുത ജില്ലയിലെ ഏതൊരു അഹ്മദിയുടെ പേരും ജില്ലാ അമീർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടാവുന്നതാണ്, അദ്ദേഹം കൃത്യമായി ചന്ദകൾ കൊടുക്കുന്ന വ്യക്തിയായിരിക്കണം, കുടിശ്ശികക്കാരനായിരിക്കരുത്, അതായത് ചട്ടം നമ്പർ 329 ന്റെ നിബന്ധന പൂർത്തിയാക്കിയ ആളായിരിക്കണം.

2. പ്രാദേശിക അമീർ/സദ്ർ സ്വയം തിരഞ്ഞെടുപ്പിൽ ഭാഗഭാക്കാകണം. അല്ലാതെ അവരുടെ പ്രതിനിധിക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ സാധ്യമല്ല.

3. ജില്ലാ അമീർ തിരഞ്ഞെടുപ്പിന്റെ ക്വാറം 1/2 ൽകുറയാൻ പാടില്ല. അത് ആദ്യത്തെ യോഗമാണെങ്കിലും രണ്ടാമത്തെ യോഗമാണെങ്കിലും ശരി. അതായത് 10 ജമാഅത്തുകൾ ഉണ്ടെങ്കിൽ ചുരുങ്ങിയത് 5 ജമാഅത്തുകളുടെ അമീർ/സദ്ർമാർ തിരഞ്ഞെടുപ്പ് വേളയിൽ ഹാജറുണ്ടായിരിക്കേണ്ടതാണ്.

വളരെ നിർബന്ധിത സാഹചര്യത്തിലൊഴികെ ഒരു അമീറും സദ്റും ഹാജറാകാതിരിക്കരുത്.

4. ജില്ലാ അമീർ സ്ഥാനത്തേക്ക് ചുരുങ്ങിയത് 4 പേരുകളെങ്കിലും സമർപ്പിക്കേണ്ടത് അനിവാര്യമായിരിക്കും.

5. ഓരോ അംഗവും 3 വോട്ട് നൽകേണ്ടത് നിർബന്ധമാണ്. ഓരോ അംഗത്തിനും 3 പേരുകൾ നിർദ്ദേശിക്കാവുന്നതാണ്. 3

ആളുകളെ പിന്താങ്ങാവുന്നതുമാണ്. (അതായത് ആവശ്യമെ ങ്കിൽ ഒരു അംഗത്തിന് ഒന്നിലധികം പേരുകൾ നിർദ്ദേശിക്കാ വുന്നതും പിന്താങ്ങാവുന്നതുമാണ്.)

6. ഓരോരുത്തരുടേയും ബയ്അത്ത് ചെയ്ത വർഷം, വിദ്യാ ഭ്യാസയോഗ്യത, പ്രായം, തൊഴിൽ നേരത്തെ ചെയ്തിട്ടുള്ള ജമാ അത്തീസേവനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കണം.

7. ഓരോ പേരിനും ലഭിച്ച വോട്ടുകളുടെ വിവരം വിശദമായി രേഖപ്പെടുത്തേണ്ടതാണ്.

8. ജില്ലാ അമീറിന്റെ തിരഞ്ഞെടുപ്പിൽ അദ്ധ്യക്ഷം വഹിക്കേ ണ്ടത് ജില്ലാ അമീർ സ്ഥാനത്തേക്ക് പേര് നിർദ്ദേശിക്കപ്പെടാൻ സാധ്യമല്ലാത്ത ആളായിരിക്കണം. അല്ലെങ്കിൽ മുറബ്ബിമാരെ അ ദ്ധ്യക്ഷനാക്കുക.

ജില്ലാ അമീർമാരുടെ തിരഞ്ഞെടുപ്പ് നടത്താൻ നാസിർ അഅ്ലാ ഖാദിയാൻ പ്രതിനിധികളെ നിശ്ചയിച്ച് അറിയിപ്പ് നൽ കുന്നതായിരിക്കും. അദ്ദേഹം തന്റെ മേൽനോട്ടത്തിലും അദ്ധ്യ ക്ഷതയിലും തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

9. ഏതെങ്കിലും ജില്ലയിൽ ജമാഅത്തുകളുടെ എണ്ണം കൂടു തലാണെങ്കിൽ പ്രസ്തുത ജില്ലയിൽ ജില്ലാ നാഇബ് അമീറി ന്റേയും തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

10. ജില്ലാ അമീർമാരുടെ തിരഞ്ഞെടുപ്പ് റിപ്പോർട്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സവിധത്തിൽ സമർപ്പിച്ച് അംഗീ കാരം/നിർദ്ദേശത്തെക്കുറിച്ച് അറിയിപ്പ് നൽകുന്നതാണ്.

## ജില്ലാ മജ്‌ലിസ് ആമിലയുടെ ചട്ടങ്ങൾ

ചട്ടം നമ്പർ 360 :

i. ജില്ലാ അമീറിന് തന്റെ സഹായത്തിനായി ജില്ലാ മജ്‌ലിസ് ആമില രൂപവൽക്കരിച്ച് നസാറത്ത് ഉൽയയിൽ നിന്ന് അംഗീ കാരം വാങ്ങാവുന്നതാണ്.

ii. ജില്ലാ ആമില, ജില്ലാ നാഇബ് അമീറും വിവിധ കേന്ദ്ര വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനും വേണ്ടി ജില്ലാ അമീർ നിർദ്ദേശിക്കുന്ന ഭാരവാഹികളും അടങ്ങുന്നതായിരിക്കും. അവർ തന്താങ്ങളുടെ വകുപ്പിന്റെ ജില്ലാ സെക്രട്ടറി എന്നറിയപ്പെടുന്നതാണ്.

അതുപോലെ ജില്ലാ നാസിം മജ്‌ലിസ് അൻസാറുല്ലാഹ്, ജില്ലാ ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, ജില്ലാ മുബല്ലിഗ് എന്നിവരും ജില്ലാ ആമില അംഗങ്ങളായിരിക്കും.

iii. ജില്ലാ അമീർ തന്റെ ആമിലയിലേക്ക് ചട്ടം നമ്പർ 329 പ്രകാരം വോട്ട് ചെയ്യാനും ഭാരവാഹിയാകാനും അർഹതയുള്ള അംഗങ്ങളെ മാത്രമേ നാമനിർദ്ദേശം ചെയ്യാവൂ.

(കുറിപ്പ് : നേരത്തെ പരാമർശിച്ചതു പോലെ, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഖാദിയാനിൽ ഒരു കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി രൂപവൽക്കരിച്ചിരിക്കുന്നു. ജില്ലാ അമീർമാർ, ജില്ലാ മജ്‌ലിസ് ആമിലയിലേക്ക് നിർദ്ദേശിക്കുന്ന പേരുകൾ നസാറത്ത് ഉൽയാ, നസാറത്ത് ബയ്ത്തുൽ മാൽ ആമദ്, നസാറത്ത് ഉമൂർ ആമ എന്നിവിടങ്ങളിൽ നിന്ന് ക്ലിയറൻസ് റിപ്പോർട്ട് വാങ്ങിയ ശേഷം കേന്ദ്ര തിരഞ്ഞെടുപ്പ് സമിതിയിൽ സമർപ്പിക്കുന്നതാണ്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയാണ് ജില്ലാ മജ്‌ലിസ് ആമിലക്ക് അംഗീകാരം നൽകുന്നത്.)

♦ ജില്ലാ മജ്‌ലിസ് ആമിലയുടെ 13 സെക്രട്ടറിമാരുടെ പേരുകൾ വിശദമായി താഴെ ചേർക്കുന്നു.

ജില്ലയിലെ ജമാഅത്തുകളുടെ എണ്ണം 10ൽ കുറവും തജ്നീദും കുറവാണെങ്കിൽ ആദ്യത്തെ 5 സ്ഥാനങ്ങളിലേക്കും പ്രസ്തുത ജില്ലയിലെ അവസ്ഥക്കനുസരിച്ച് അത്യാവശ്യമായ തുടർന്നുള്ള 8ൽ 3 സ്ഥാനങ്ങളിലേക്കും (മൊത്തം 8 സ്ഥാനങ്ങൾ) ജില്ലാ സെക്രട്ടറിമാരുടെ പേരുകൾ അയക്കുക.

ജില്ലയിൽ 10ൽ അധികം ജമാഅത്തുകൾ ഉണ്ടെങ്കിൽ 13

സ്ഥാനങ്ങളിലേക്കും ജില്ലാ സെക്രട്ടറിമാരുടെ പേരുകൾ അയക്കേണ്ടതാണ്.

എല്ലാ സ്ഥാനത്തേക്കും 2 പേരുകൾ നിർദ്ദേശിക്കുന്നത് ഉചിതമായിരിക്കും. കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി വിലയിരുത്തലുകൾക്കു ശേഷം അതിൽ ഒരാൾക്ക് അംഗീകാരം നൽകുന്നതാണ്.

1. ജില്ലാ സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്
2. ജില്ലാ സെക്രട്ടറി ദഅ്‌വത്തെ ഇലല്ലാഹ്
3. ജില്ലാ സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി
4. ജില്ലാ സെക്രട്ടറി ഇശാഅത്ത് & എം.ടി.എ
5. ജില്ലാ സെക്രട്ടറി മാൽ
6. ജില്ലാ സെക്രട്ടറി തഅ്‌ലീം
7. ജില്ലാ സെക്രട്ടറി വഖ്ഫെ നൗ
8. ജില്ലാ സെക്രട്ടറി ഉമൂറെ ആമ & ഖാരിജ
9. ജില്ലാ സെക്രട്ടറി വസ്വായാ
10. ജില്ലാ സെക്രട്ടറി ജാഇദാദ്
11. ജില്ലാ സെക്രട്ടറി തഹ്‌രീകെ ജദീദ്
12. ജില്ലാ സെക്രട്ടറി വഖ്ഫെ ജദീദ്
13. ജില്ലാ സെക്രട്ടറി രിശ്താ നാത്വാ (വൈവാഹികം)

## ജില്ലാ അമീർമാരുടെ കടമകളും കർത്തവ്യങ്ങളും

1. ജില്ലയിലെ എല്ലാ ജമാഅത്തുകളുടേയും Update തജ്നീദും പ്രവർത്തക സമിതികളുടെ ലിസ്റ്റും ജില്ലാ അമീറിന്റെ പക്കൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

2. ജില്ലാ അമീറിന് ഒരു ഓഫീസ് ഉണ്ടായിരിക്കണം, അതിൽ ഫോൺ, ഫാക്സിനുള്ള സൗകര്യവും ജില്ലാ ആമില മെമ്പർ മാരുടെ ഫയലുകളും ഉണ്ടായിരിക്കണം. ഈ ഫയലുകൾ വില യിരുത്തിക്കൊണ്ടാണ് അവർ കേന്ദ്ര നിർദ്ദേശങ്ങളുടെ വെളി ച്ചത്തിൽ നടപടികൾ കൈക്കൊള്ളുന്നത്. ഫാക്സ് മെഷീൻ ഇല്ലെങ്കിൽ നസാറത്ത് ഉൽയയിലേക്ക് എഴുതി കരസ്ഥമാക്കേ ണ്ടതാണ്.

3. എല്ലാ കേന്ദ്ര ഓഫീസുകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേ ശങ്ങൾ എങ്ങനെയാണ് കർമപഥത്തിൽ കൊണ്ടുവരുന്നതെന്ന് അവലോകനം നടത്തിക്കൊണ്ടിരിക്കേണ്ടത് ജില്ലാ അമീറിന്റേ യും ആമില അംഗങ്ങളുടേയും സുപ്രധാന ഉത്തരവാദിത്വമാ യിരിക്കും.

4. എല്ലാ ജമാഅത്തുകളിൽ നിന്നും സെക്രട്ടറിമാരുടെ മാസാ ന്തര പ്രവർത്തന റിപ്പോർട്ട് കൃത്യമായി അയപ്പിക്കുന്നതിന് ഏർപ്പാട് ചെയ്യുക.

5. ഇതോടൊപ്പമുള്ള ജില്ലാ അമീറിന്റെ മാസാന്തര പ്രവർത്തന റിപ്പോർട്ട് ഫോറം എല്ലാ മാസവും പൂരിപ്പിച്ച് അയക്കുക.

6. എല്ലാ മാസവും ജില്ലാ മജ്ലിസ് ആമിലയുടെ ഒരു മീറ്റിംഗ് നിർബന്ധമായും ചേരുക.

7. ഇനിമുതൽ താൽക്കാലിക സഹായധനം/വിവാഹ സഹാ യധനം/ചികിത്സാ സഹായധനം/മറ്റ് സഹായധനങ്ങൾ എന്നിവ സംബന്ധമായി ജ.മൗലവി.ഖുർശിദ് അഹ്മദ് അൻവർ സാഹി ബുമായിട്ടാണ് കത്തിടപാടുകൾ നടത്തേണ്ടതാണ്. ഹുസൂർ തിരുമനസ്സ് അദ്ദേഹത്തെ ഖിദ്മത്ത് ഖൽഖ് കമ്മിറ്റി സദ്ർ ആയി നിയമിച്ചിരിക്കുന്നു.

8. എല്ലാ മാസവും ജില്ലാ അമീറോ അദ്ദേഹത്തിന്റെ പ്രതി നിധിയോ ജില്ലയിലുള്ള ജമാഅത്തുകൾ സന്ദർശിക്കേണ്ടതാണ്. അതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ വിലയിരുത്തേണ്ടതാണ്.

i. MTA മുഖേന ഹുസൂർ തിരുമനസ്സിന്റെ ജുമുഅ ഖുത്ബ

യും മറ്റ് പ്രോഗ്രാമുകളും എങ്ങനെയാണ് പ്രയോജനപ്പെടുത്തുന്നത്? കുറവുകൾ ദൂരീകരിക്കാൻ ശ്രമിക്കണം.

ii. നിർബന്ധ ചന്ദകൾ, തഹ്‌രീക് ജദീദ്, വഖ്ഫെ ജദീദ് എന്നിവയുടെ ബഡ്ജറ്റുകൾ തയ്യാറാക്കി കേന്ദ്രത്തിലേക്ക് അയച്ചിട്ടുണ്ടോ? പിരിവിനും വർദ്ധനവിനും പ്രത്യേക ശ്രദ്ധ ചെലുത്തുക.

iii. വഖ്ഫെ നൗ ആൺകുട്ടികളേയും പെൺകുട്ടികളേയും സംബന്ധിച്ച അവലോകനം.

iv. ജാമിഅ അഹ്‌മദിയ്യയിൽ വഖ്ഫെ നൗ കുട്ടികളെ അയക്കുന്നതിനുള്ള ആഹ്വാനവും പരിശ്രമവും.

v. തഅ്‌ലീമുൽ ഖുർആൻ ക്ലാസുകളുടെ സംവിധാനം. വഖ്ഫെ ആർസി പദ്ധതിയിൽ ഭാഗഭാക്കാകുന്നതിന്നുള്ള ആഹ്വാനവും പരിശ്രമവും.

vi. ദഅ്‌വത്തെ ഇലല്ലാഹ് സംബന്ധമായി ദാഈ ഇലല്ലാഹ്മാരെ തയ്യാറാക്കലും അവരെ കർമനിരതരാക്കലും.

vii. ജമാഅത്തുകളിൽ മസ്ജിദ്/മിഷൻഹൗസുകളുടെ സ്ഥിതി എന്താണ്? രജിസ്ട്രി സംബന്ധിച്ച ഒർജിനൽ ഡോക്യുമെന്റ്സ് കേന്ദ്രത്തിലെ നസാമത്ത് ജാഇദാദ് ഓഫീസിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടോ? മസ്ജിദ്/മിഷൻ ഹൗസ് ഇല്ലെങ്കിൽ അത് നിർമിക്കുന്നത് സംബന്ധിച്ച് എന്ത് സ്കീമാണുള്ളത്?

viii. ജമാഅത്ത് അംഗങ്ങളുടെ പരസ്പരമുള്ള പ്രശ്നങ്ങളും മറ്റും പരിഹരിക്കുന്നതിന്ന് ഇസ്‌ലാഹീ കമ്മിറ്റി എന്ത് നടപടികളാണ് കൈക്കൊണ്ടത്? ഇസ്‌ലാഹീ കമ്മിറ്റിയെ കർമനിരതമാക്കാനുള്ള പരിശ്രമങ്ങൾ.

ix. ഹുസൂർ തിരുമനസ്സിന് 2013 മാർച്ച് മാസത്തെ മാസാന്തര പ്രവർത്തന റിപ്പോർട്ടിന്റെ സംക്ഷിപ്തം അയച്ചപ്പോൾ അതിൽ ഇന്ത്യയിലെ 1242 ജമാഅത്തുകളിൽ നിന്ന് 395 ജമാഅത്തുകളിൽ നിന്ന് മാത്രമേ മാസാന്തര പ്രവർത്തന റിപ്പോർട്ട് ലഭിച്ചിട്ടുള്ളൂ എന്നും വ്യക്തമാക്കിയിരുന്നു. തൽസംബന്ധമായി

ഹുസൂർ തിരുമനസ്സ്, നാസിർ അഅ്‌ലാ ഖാദിയാന് നൽകിയ നിർദ്ദേശത്തിൽ പറയുന്നു :

എല്ലാ അമീർ/സദ്ർമാരുടേയും ഫയൽ തയ്യാറാക്കുക. മൂന്ന് നാല് പ്രാവശ്യം ഓർമപ്പെടുത്തിയിട്ടും മാസാന്തര പ്രവർത്തന റിപ്പോർട്ട്/അതേക്കുറിച്ചുള്ള വിശദീകരണം/കേന്ദ്രത്തിൽ നിന്നുള്ള കത്തുകൾക്ക് മറുപടി നൽകാത്ത അമീർ/സദ്ർമാരെക്കുറിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയിൽ വെക്കുക. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി പ്രസ്തുത അമീർ/സദ്റിനെ മാറ്റുന്നത് സംബന്ധിച്ച് പൂർണമായ അവലോകനത്തിനു ശേഷം തങ്ങളുടെ മൊത്തത്തിലുള്ള റിപ്പോർട്ട് ഇവിടേക്ക് മാർഗദർശനത്തിനും അംഗീകാരത്തിനുമായി അയക്കുക. അംഗീകാരത്തിനു ശേഷം അമീർ/സദ്ർനെ മാറ്റുന്നതു സംബന്ധിച്ച ചട്ടപ്രകാരം തിരഞ്ഞെടുപ്പ്/നിയമനത്തിനുള്ള നടപടികൾ ആകാവുന്നതാണ്.

തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും ജമാഅത്തുകളുടെ മാസാന്തര റിപ്പോർട്ട് യഥാസമയം അയക്കാനും അല്ലാത്ത പക്ഷം നിങ്ങൾക്കെതിരെ മേൽ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ നടപടിയെടുക്കാതിരിക്കാൻ സാധ്യമല്ലെന്നും ഇനി മുതൽ ഇതാണ് നിർദ്ദേശമെന്നും ഇത്തരം എല്ലാ അമീർ/സദ്ർമാരെയും പ്രത്യേകമായി അറിയിക്കുക.

പദവികളിൽ ഉപവിഷ്ഠരാകുന്നതല്ല വലിയ കാര്യം യഥാർഥ സംഗതി പ്രസ്തുത പദവിയുടേയും ഉത്തരവാദിത്വത്തിന്റേയും കടമ നിർവഹിക്കുകയാണ്. (Ref Letter QND-7196/04.05.2013)

**പ്രധാന നിർദ്ദേശം**

♦ എല്ലാ സെക്രട്ടറിമാരും തന്താങ്ങളുടെ വൃത്തത്തിൽ തദ്ദേശ അമീർ/സദ്റുമായി കൂടിയാലോചന നടത്തി പ്രവർത്തിക്കേണ്ടതും എല്ലാ മാസവും തങ്ങളുടെ വകുപ്പിനെ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് അമീർ/സദ്റിന് നൽകി അതിന്റെ പകർപ്പ് ബന്ധപ്പെട്ട കേന്ദ്ര ഓഫീസിലേക്ക് അയ്ക്കേണ്ടതും അനിവാര്യമാണ്. എല്ലാ ജമാഅത്തിലും മാൽ സെക്രട്ടറി ഊർജസ്വലമായി പ്രവർത്തിക്കുന്നതു പോലെ എല്ലാ സെക്രട്ടറിമാരും ബ

സ്ഥപ്പെട്ട കേന്ദ്ര ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഊർജസ്വലമായി പ്രവർത്തിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ മാത്രമേ ഭാരവാഹിത്വത്തിന്റെ കടമ ശരി യായ നിലയിൽ നിറവേറ്റാൻ കഴിയുകയുള്ളൂ. പദവികൾ കരസ്ഥ മാക്കി പ്രവർത്തിക്കാതിരിക്കുന്നത് അമാനത്തിൽ(വിശ്വസ്ത തയിൽ) ഖയാനത്ത്(വഞ്ചന) കാണിക്കുകയാണ്. അല്ലാഹു എല്ലാ ഭാരവാഹികളേയും ഇത്തരം വഞ്ചനയിൽ നിന്നും സംര ക്ഷിക്കുമാറാകട്ടെ. ആമീൻ.

♦ കേന്ദ്ര നാസിർമാരും പ്രതിനിധികളും ജമാഅത്തുകളിൽ സന്ദർശനത്തിന് പോകുമ്പോൾ ജമാഅത്തുകളിൽ മജ്‌ലിസ് ആമില മീറ്റിംഗ് നടത്തണമെന്നും പ്രവർത്തനങ്ങൾ വിലയിരു ത്തണമെന്നും മാർഗനിർദ്ദേശങ്ങൾ നൽകണമെന്നും ഹുസൂർ തിരുമനസ്സ് പൊതുനിർദ്ദേശം നൽകിയിരിക്കുന്നു. ഇക്കാര്യത്തി നുവേണ്ടി നസാറത്ത് ഉൽയ ഫോറം തയ്യാറാക്കിയിരിക്കുന്നു. അത് കേന്ദ്ര പ്രതിനിധികൾ തങ്ങളുടെ സന്ദർശന വേളയിൽ കൂടെ കരുതേണ്ടതാണ്. അതനുസരിച്ച് റിപ്പോർട്ട് തരേണ്ടതാണ്.